കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചേർത്തല നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട്

## 2017-2018

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)*

നം.കെ.എസ്.എ-എ.എൽ.പി-ജി.എ.5-425/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ ജില്ല,
തീയതി: 24.05.2019
ഫോൺ – 0477 2252
ഇ-മെയിൽ -ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

.
.
.

ചെയർമാൻ (സെക്രട്ടറി മുഖേന)

ചേർത്തല നഗരസഭ

**സർ,**

വിഷയം : ചേർത്തല നഗരസഭ – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർത്തല മുനിസിപ്പാലിറ്റിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും, 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.
.
.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം
4. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-ജി.എ.5-425/19 തീയതി : 24.05.2019

# ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് *295(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 19.9.2017 മുതൽ 22.1.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സാബു ജോസഫ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 23.01.2019 മുതൽ<br>02.02.2019 വരെ | ശ്രീമതി.എസ്. എൽസമ്മ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീമതി. വി. മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. രാജേഷ്. കെ. ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീ. പ്രവീൺ ഷേണായി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ജാക്വലിൻ. പി. ഡബ്ല്യൂ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. റോയി. റ്റി. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി. രാജിമോൾ. പി. സി, ഓഡിറ്റർ<br>ശ്രീ. സുനിൽ. കെ. ബി, ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | |
| ശ്രീ. ഐസക്ക് മാടവന | 01.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | |
| ശ്രീ. മുഹമ്മദ് ഷാഫി | 1.04.2017 മുതൽ 12.05.2017 വരെ |
| ശ്രീമതി. എ. എൻ. അനിതാദേവി | 13.05.2017 മുതൽ 26.10.2017 വരെ |
| ശ്രീ. ഡി. ജയകുമാർ | 27.10.2017 മുതൽ 28.02.2018 വരെ |
| ശ്രീ. വി. എം. ലാലിച്ചൻ | 01.03.2018 മുതൽ 31.03.2018 വരെ |

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ആരോഗ്യകാര്യം | ശ്രീ. വി. ടി. ജോസഫ് | 01.4.2017 മുതൽ 31.3.18വരെ. |
| 2 | വികസനകാര്യം | ശ്രീ. പി. ഉണ്ണികൃഷ്ണൻ | 01.4.2017 മുതൽ 31.3.18വരെ. |
| 3 | ക്ഷേമകാര്യം | ശ്രീമതി. സിന്ധു ബൈജു | 01.4.2017മുതൽ 31.3.2018 വരെ |
| 4 | ധനകാര്യം | ശ്രീമതി. ശ്രീലേഖ നായർ | 01.4.2017 മുതൽ 31.3.18വരെ. |
| 5 | വിദ്യാഭ്യാസകാര്യം | ശ്രീ. പി. ഭാസി | 01.4.2017 മുതൽ 31.3.18വരെ |
| 6 | പൊതുമരാമത്ത് | ശ്രീമതി. ലീന | 01.4.2017 മുതൽ 31.3.18വരെ |

3) <u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ</u>

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. സൈജു. വി | 01.04.2017 മുതൽ 24.05.2017വരെ |
| | ശ്രീമതി. ആർ. ബാലകൃഷ്ണൻ | 25.05.2017 മുതൽ 31.3.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. സലിം ചെല്ലപ്പൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ആശാറാണി. പി. എസ് | 01.04 2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ. അനിൽകുമാർ. എൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഉഷ | 01.04.2017 മുതൽ 31.03.2018 വരെ |
| പ്രിൻസിപ്പൽ, ഗവ.എച്ച്.എസ്.എസ്, ചേർത്തല | ശ്രീമതി. രാജശ്രീ. ഐ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. പി. അനിത | 01.04.2017 മുതൽ 31.03.2018 വരെ |
| എസ്.സി.ഡി.ഒ | ശ്രീമതി. സിന്ധു. പി. ഐ | 01.04.2017 മുതൽ 09.01.2018 വരെ |
| | ശ്രീമതി. ആലീസ്. കെ. സുമോൾ | 10.01.2018 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. തോമസ് ഡിക്രൂസ് | 01.04.2017 മുതൽ 10.08.2017 വരെ |
| | ശ്രീ. അജിത്ത് കമാർ. വൈ | 10.08.2017 മുതൽ 06.01.2018 വരെ |
| | ശ്രീമതി. മുഹസീന | 06.01.2018 മുതൽ 12.02.2018 വരെ |
| | ശ്രീമതി. സീന ജി. ആർ | 12.02.2018 മുതൽ 31.3.2018 വരെ |
| പ്രോജക്ട് ഓഫീസർ | ശ്രീ. പ്രസന്നകുമാർ. ഡി | 01.04.2017 മുതൽ 07.10.2017വരെ |
| | ശ്രീമതി. എസ്. എസ്. സീന | 08.10.2017മുതൽ 18.10.2017വരെ |
| | ശ്രീ. എസ്. രവികുമാർ | 19.10.2017 മുതൽ 25.01.2018 വരെ |
| | ശ്രീമതി. എസ്. എസ്. സീന | 26.01.2018 മുതൽ 31.01.2018 വരെ |
| | ശ്രീ. എം. മധുകുമാർ | 01.02.2018 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ. എ. ജയലേഖ | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീ. സുരേഷ് കുമാർ. ബി. ടി | 01.06.2017 മുതൽ 03.07.2017 വരെ |
| | ശ്രീ. ഹബീദ്. എം | 04.07.2017 മുതൽ 12.10.2017 വരെ |
| | ശ്രീ. സി. എസ്. ബാബുരാജ് | 13.10.2017 മുതൽ 31.03.2018 വരെ |
| ഐ.ഇ.ഒ | ശ്രീ. ഷിബു ഷൈൻ. വി. സി | 01.04.2017 മുതൽ 01.11.2017 FN വരെ |
| | ശ്രീമതി. ബിന്ദു. വി. എൻ | 01.11.2017 AN മുതൽ 31.03.2018 വരെ |

**ഉള്ളടക്കം :**

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| 1 | 1-1 മുതൽ<br>1-12 വരെ | പൊതു അവലോകനം |
| 2 | 2-1 | രസീത് ബുക്കിലെ പേജ് കാണാത്തത് സംബന്ധിച്ച് |
| 3 | 2-2 | തെറ്റായ അസ്സസ്സ്മെന്റ്, നികുതി ഈടാക്കിയതിൽ 19298/- രൂപ കുറവ് |
| 4 | 2-3 | വസ്തുനികുതി ഈടാക്കിയതിൽ കുറവ് , നഷ്ടം 17284 /- രൂപ |
| 5 | 2-4 | നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം പുനർനിർണ്ണയം പൂർത്തിയാക്കി നികുതി പരിഷ്കരിച്ചിട്ടില്ല |
| 6 | 2-5 | അനധികൃതകെട്ടിടനിർമ്മാണം -ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കണം |
| 7 | 2-6 | അനധികൃതമായി നിർമ്മിച്ച ആഡിറ്റോറിയം ക്രമവത്ക്കരിച്ചിട്ടില്ല |
| 8 | 2-7 | ചട്ടലംഘനങ്ങളുള്ള പ്ലാൻ അംഗീകരിച്ച് കെട്ടിടനിർമ്മാണാനുമതി നൽകി |
| 9 | 2-8 | തൊഴിൽ നികുതി പിരിവിലെ അപാകത സംബന്ധിച്ച് |
| 10 | 2-9 | സ്ഥാപന നികുതി അടവാക്കിയില്ല. |
| 11 | 2-10 | കുത്തക ലേലം -കുടിശ്ശിക തുക ഈടാക്കിയിട്ടില്ല |
| 12 | 2-11 | വാടക കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച് |
| 13 | 2-12 | ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കൽ -യൂസർ ഫീ ഈടാക്കിയില്ല |
| 14 | 2-13 | ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് – നഗരസഭയ്ക്ക് തിരികെ ലഭിച്ചില്ല |
| 15 | 3-1 | ഫണ്ട് വിനിയോഗത്തിലെ വീഴ്ച – 2.13കോടി പാഴായി |
| 16 | 3-2 | പൊതുമരാമത്ത് പ്രവൃത്തികൾ - നഗരസഭയ്ക്ക് ദീർഘകാല വികസന കാഴ്ചപ്പാട് ഇല്ല. |
| 17 | 3-3 | തെരുവ് വിളക്ക് പരിപാലനം – പദ്ധതി നടത്തിപ്പിലെ പോരായ്മകൾ സംബന്ധിച്ച്. |
| 18 | 3-4 | പൊതുടാപ്പുകളുടെ വെള്ളക്കരം - നഗരസഭയ്ക്ക് വൻബാധ്യത |
| 19 | 3-5 | ഫെസ്റ്റിവൽ അഡ്വാൻസ് - തുക തിരിച്ചടച്ചില്ല |
| 20 | 3-6 | കേരളോത്സവം - ഗ്രാന്റ് തുക കൈപ്പറ്റിയില്ല. |
| 21 | 3-7 | 8-ാം വാർഡിലെ അംഗൻവാടിക്ക് സ്ഥലം അനുവദിക്കൽ - മുൻകൂർ ക്രമീകരിച്ചില്ല |
| 22 | 3-8 | പലിശ അടവാക്കിയത് ജീവനക്കാരനിൽ നിന്നും ഈടാക്കിയില്ല |
| 23 | 3-9 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ – പദ്ധതി യാഥാർത്ഥ്യമായില്ല. |
| 24 | 3-10 | സാനിട്ടറി ലാൻഡ് ഫില്ലിംഗ് – പദ്ധതി നടത്തിപ്പിൽ സുതാര്യതയില്ല. |
| 25 | 3-11 | സോളിഡ് ബ്ലോക്ക് മേസൺറി പ്രവൃത്തിയ്ക്ക് അധിക നിരക്ക് അനുവദിച്ച് നൽകിയത് അംഗീകരിക്കുന്നില്ല |
| 26 | 3-12 | യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല |
| 27 | 3-13 | പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് ക്രമപ്രകാരം പിഴ ഈടാക്കിയില്ല |
| 28 | 3-14 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിന് അറ്റകുറ്റപ്പണി-അപാകതകൾ |
| 29 | 3-15 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഹാജരാക്കിയില്ല. |
| 30 | 3-16 | ഇലക്ട്രോണിക് ഉപകരണങ്ങളുടെ എ.എം.സി – ആദായ നികുതി കുറവ് ചെയ്തില്ല. |
| 31 | 3-17 | ആദായനികുതി ഈടാക്കയില്ല |
| 32 | 3-18 | മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 33 | 3-19 | ഫയൽ ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു. |
| 34 | 3-20 | വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ – കെ.എസ്.ഇ.ബിയുമായി |

| | | |
|---|---|---|
| | | കരാർ വെച്ചില്ല, പ്രവൃത്തി പൂർത്തിയാക്കിയില്ല. |
| 35 | 3-21 | എ.ബി.സി പദ്ധതിയ്ക്ക് വിഹിതം നൽകൽ – ധനവിനിയോ വിവരം ഹാജരാക്കിയില്ല. |
| 36 | 3-22 | മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് |
| 37 | 3-23 | നഗരസഭയിലെ റഗുലർ, കണ്ടിജന്റ് പെൻഷൻ - പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല. |
| 38 | 3-24 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 39 | 3-25 | വാഹനങ്ങളുടെ പരിപാലനം |
| 40 | 3-26 | പി.എം.എ.വൈ. പദ്ധതി സംബന്ധിച്ച അപാകതകൾ |
| 41 | 3-27 | കളിയുപകരണങ്ങൾ വാങ്ങിയത് സംബന്ധിച്ച് |
| 42 | 3-28 | പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നത് |
| 43 | 3-29 | അംഗൻ വാടികൾക്ക് വാട്ടർ കണക്ഷൻ |
| 44 | 3-30 | മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ |
| 45 | 3- 30 | സബ്സിഡി കൈപ്പറ്റിയ കയർ പിരി സംഘങ്ങളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ല |
| 46 | 4-1 മുതൽ<br>4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 47 | അനുബന്ധം 1 | |
| 48 | അനുബന്ധം 2 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18-ലെ ബജറ്റ് 29.03.2017 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 564279446 | 541666600 |
| വാർഷിക കണക്ക് പ്രകാരം | 274219840 | 238038118 |

**ബജറ്റ് രൂപീകരണം - അപാകതകൾ**

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചുചേർക്കണമെന്നും, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റ് നിർദ്ദേശങ്ങളും, സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങളും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനക്കും നിർദ്ദേശങ്ങൾക്കുമായി നൽകുകയും ഇവയുടെ നിർദ്ദേശങ്ങളും ശുപാർശകളും കൂടി ഉൾപ്പെടുത്തി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കണമെന്നും, ഇപ്രകാരമുള്ള നോൺപ്ലാൻ ചെലവുകളും വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് ബജറ്റ്

രൂപീകരിക്കേണ്ടതാണെന്നും, മാന്വൽ നിഷ്ക്കർഷിക്കുന്നു. എന്നാൽ ഇപ്രകാരം ഘടകസ്ഥാപനങ്ങളുടെ മീറ്റിംഗ് വിളിക്കുകയോ, അവയുടെ കണക്കുകൾ സ്വീകരിക്കുകയോ ചെയ്യാതെ മുൻ വർഷത്തെ വരവ്-ചെലവുകളെ മാത്രം ആധാരമാക്കിയാണ് ബജറ്റ് തയ്യാറാക്കിയത് .

ആയതിനാൽ യഥാർത്ഥത്തിലുള്ള വരവ്- ചെലവ് കണക്കുകളും ബജറ്റ് എസ്റ്ററിമേറ്റും തമ്മിൽ കോടികണക്കിനു രൂപയുടെ അന്തരം നിലനിൽക്കുന്നു. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക.

സമർപ്പിച്ച തീയതി - 28.7.2018

വാർഷിക ധനകാര്യപത്രിക സമയപരിധിയ്ക്കുള്ളിൽ തന്നെ സമർപ്പിച്ചിട്ടുണ്ട്.

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-2018 | കെ.എസ്സ്.എ.എൽ.പി./ജി.എ4./1405(1)/18- 16.10.18 | വിശേഷണങ്ങളോടുകൂടിയത് |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 26879281.45 |
| വരവ് | 274219840 |
| ആകെ | 301099121.45 |
| ചെലവ് | 238038118 |
| നീക്കിയിരിപ്പ് | 63061003.45 |

# 1-5 ഫണ്ട് വിനിയോഗം (എ).സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 45061000 | 45061000 | 41387752 | 3673248 |
| വികസന ഫണ്ട് (എസ്.സി.പി) | | 5831000 | 5831000 | 4836968 | 994032 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | | 8250339 | 8250339 | 8241249 | 9090 |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | | 9780330 | 9780330 | 9754988 | 25342 |

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 58479929 | 58479929 | 43932034 | 14547895 |
| കെ.എൽ.എസ്.ജി.ഡി.പി | | 5514317 | 5514317 | 3457137 | 2057180 |
| എസ് ബി.ഐ-തനത്ഫണ്ട്. | 7767555.45 | 72927150 | 80694705.5 | 77456273 | 3238432.45 |
| എസ്.ബി.റ്റി-ഐ.എച്ച്.എസ്.ഡി.പി. | 4941158 | 105690 | 5046848 | 2981850 | 2064998 |
| എസ്.ബി.റ്റി – മറ്റ് ഫണ്ട് | 3497257 | 8162305 | 11659562 | 4888365 | 6771197 |
| എം.എൻ.ആർ.ഇ.ജി.എസ് | | | | | |
| എസ്.ബി.റ്റി – ഓൺലൈൻ | 3654 | 713 | 4367 | 0 | 4367 |
| ട്രഷറി, എസ്.റ്റി.എസ്.ബി.2 | 0 | 6741 | 6741 | 6741 | 0 |
| ദുരിതാശ്വാസനിധി | 26624 | 1007 | 27631 | 0 | 27631 |
| ആക്സിസ് ബാങ്ക്, പെൻഷൻ | 0 | 10654179 | 10654179 | 1172293 | 9481886 |
| ബി-ഫണ്ട് | | 13077600 | 13077600 | 13077600 | |
| റ്റി.എസ്.ബി, തനതുഫണ്ട് | 3448713 | 277758097 | 31206810 | 25316186 | 5890624 |
| റ്റി.പി.എ. 12 | 1529082 | 2523543 | 4052625 | 4049958 | 2667 |
| റ്റി.പി.എ. 34 | 46883 | 2344 | 49227 | 0 | 49227 |
| എസ്.ബി.റ്റി – സെൻസസ് | 23028 | 857 | 23885 | 0 | 23885 |
| കാനറാ ബാങ്ക് – (അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി) | 2495411 | 2563525 | 5058936 | 4827314 | 231622 |
| ഐ.സി.ഐ.സി.ഐ (സ്വച്ഛ് ഭാരത് മിഷൻ) | 2235665 | 490925 | 2716590 | 327894 | 2398696 |
| ആക്സിസ് ബാങ്ക് (NULM) | 105086 | 2739573 | 2844659 | 2307382 | 537277 |
| പി.എൻ.ബി (PMAY) | 0 | 54773508 | 54773508 | 23251189 | 31522319 |

# 1-6 <u>പദ്ധതി അവലോകനം.</u>

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 229 | 191629449 | 154 | 111610128 | 7 | 68 | 67.25 |

**പദ്ധതി നിർവ്വഹണം സമയ ബന്ധിതമല്ല**

അംഗീകാരം ലഭിച്ച 229 പ്രോജക്ടുകളിൽ 154 പ്രോജക്ടുകൾ മാത്രമേ നടപ്പാക്കിയിട്ടുള്ളു. 68 പ്രോജക്ടുകൾ നടപ്പാക്കിയില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ (ജി.ഒ (എം എസ്) 72/2017 തസ്വഭവ, തീയതി – 29.03.2017 പ്രകാരം ഓരോ പാദത്തിലും 25% ശതമാനം പദ്ധതികളെങ്കിലും പൂർത്തിയാക്കാൻ ലക്ഷ്യമിടേണ്ടതാണ്.

എന്നാൽ മാർച്ച് മാസമാണ് കൂടുതലും ചെലവ് വന്നിട്ടുള്ളത്. തന്മൂലം പ്രൊജക്ടുകൾ സമയബന്ധിതമായും കാര്യക്ഷമമായും നിർവ്വഹണം നടത്താൻ സാധിച്ചില്ല. നഗരസഭാവികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെലവ് ശതമാനം കൃത്യമായി മോണിറ്റർ ചെയ്യുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ഒന്നാം പാദ വർഷം 25% എങ്കിലും പ്രൊജക്ട് നിർവ്വഹണം നടത്തണം എന്ന നിർദ്ദേശം മാത്രമാണ് കമ്മിറ്റി നൽകിയിട്ടുള്ളത്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2495411 | 2489500<br>74025 (പലിശ) | 5058936 | 445150 | 231622 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | 4382164 | |
| **ആകെ** | 2495411 | 2563525 | 5058936 | 4827314 | 231622 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 414000 | 552 |
| കർഷകതൊഴിലാളി പെൻഷൻ | 1212000 | 400 |
| വിധവാപെൻഷൻ | 3606600 | 1163 |
| വാർദ്ധക്യകാലപെൻഷൻ | 5992500 | 1878 |
| വികലാംഗപെൻഷൻ | 1457700 | 457 |
| അവിവാഹിതപെൻഷൻ | 394800 | 126 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.1.2019 തീയതി 3pmന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 63,158/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച്ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം.

1. മുനിസിപ്പൽ ഭരണ സമിതി, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, വാർഡ്സഭകൾ എന്നിവയുടെ യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. .
2. ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന തപാലുകൾ സെക്രട്ടറി ഇൻഷ്യൽ ചെയ്ത് അതാത് സെക്ഷനുകൾക്ക് കൈമാറുന്നുണ്ട്.
3. സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സാമഗ്രികളുടെയും, സേവനങ്ങളുടെയും പ്രൊക്യൂർമെന്റ് മാന്വൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ചല്ല വാങ്ങലുകൾ നടത്തുന്നത്.
4. ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധിക്കപ്പെടുന്നില്ല.
5. ആസ്തി രജിസ്റ്റർ ഹാജരാക്കിയില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കപ്പെടുന്നില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ

യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ചേർക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കുന്നില്ല.

6. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.
7. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നടപടികൾ സ്വീകരിക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.02.2011 | 2009-10 | 11.02.2011 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.11.2017 | 2016-17 | 16.01.2018 |

# 1-12) വാർഷികകണക്കിലെ അപാകത

കെ.എസ്സ്എ.എ.എൽ.പി./ജി.എ4./1405(1)/18- 16.10.18 പുറപ്പെടുവിച്ച വാർഷിക കണക്കിലെ അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 രസീത് ബുക്കിലെ പേജ് കാണാത്തത് സംബന്ധിച്ച്

നഗരസഭ ശ്രീ. വിവേക് വിക്രം എന്ന ഉദ്യോഗസ്ഥന് പണം പിരിവിനായി നൽകിയിട്ടുള്ള 15-ാം നമ്പർ രസീത് ബുക്കിലെ 1491-ാം നമ്പർ പേജിന്റെ ഡ്യൂപ്ലിക്കേറ്റ് കീറിയെടുത്ത നിലയിൽ കാണുന്നു. എന്നാൽ ഇതിന്റെ ഒറിജിനൽ ഒന്നും രേഖപ്പെടുത്താതെ രസീത് ബുക്കിൽ നിലനിർത്തിയിട്ടുമുണ്ട്. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം - 26 ന് മറുപടി ലഭ്യമാക്കിയില്ല. രസീത് നഷ്ടപ്പെട്ടത് ഗുരുതരമായ വിഷയമായതിനാൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-2 തെറ്റായ അസ്സസ്മെന്റ്, നികുതി ഈടാക്കിയതിൽ 19298/- രൂപ കുറവ്

നഗരസഭ നാലാം വാർഡിൽ ശ്രീ. ബെന്റോ ജോൺ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 488.76 $m^2$ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച് നൽകിയിരുന്നു (4/656 E, 4/656 F). പ്രസ്തുത കെട്ടിടത്തെ 100 ചതുരശ്ര മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 80/- രൂപ നിരക്കിൽ നികുതി ഈടാക്കിയത്. എന്നാൽ ഈ കെട്ടിടത്തെ 200 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്ന വിഭാഗത്തിലുൾപ്പെടുത്തി ഒരു ചതുരശ്രമീറ്ററിന് 110/- രൂപ നിരക്കിൽ നികുതി ഈടാക്കേണ്ടതായിരുന്നു. ഇപ്രകാരം നികുതി ഈടാക്കാത്തിനാൽ 19298/- രൂപ കുറവ് വന്നിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | തറ വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തുനികുതി യിൻമേലുള്ള വർദ്ധനവ് 35% (വഴിസൗകര്യം + തറനിർമ്മിതിയുടെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ് ) | ആകെ നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| 4/ 656 E | 244.38 | 26881 | 9408.6 | 36289.6 | 26393 | 9896.6 |
| 4/ 656 F | 244.38 | 26881 | 9408.6 | 34474.5 (ഒന്നാം നില 5% കുറവ്) | 25074 | 9400.55 |
| | ആകെ | | | | | 19297.15 |

പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിലവിലെ സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതായിരിക്കും.

# 2-3 വസ്തുനികുതി ഈടാക്കിയതിൽ കുറവ് , നഷ്ടം 17284 /- രൂപ

നഗരസഭ പതിനൊന്നാം വാർഡിൽ (പഴയ 5-ാം) 387.98 $m^2$ തറവിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. ജോയിസ് എന്ന വ്യക്തിക്ക് BA/140/16 നം. ആയി നിർമ്മാണാനുമതി നൽകിയിരുന്നു. ഗ്രൗണ്ട് ഫ്ലോർ മാത്രം 12.04.2017- ൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് പൂർത്തിയാക്കിയ ഭാഗത്തിന് നികുതി അസ്സസ് ചെയ്യുകയുണ്ടായി. തുടർന്ന് 22.9.17 ൽ കെട്ടിടം നിർമ്മാണം പൂർണ്ണമായും പൂർത്തിയായി നമ്പർ നൽകുകയുണ്ടായി. പ്രസ്തുത കെട്ടിടത്തെ 100 ചതുരശ്ര മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 80/- രൂപ നിരക്കിൽ നികുതി ഈടാക്കിയത്. നിലവിൽ 5/328 (B,C,D,E,F,G,H) എന്ന നമ്പർ നൽകി (7334+3300+2519+4610+8460+4126+8119) ആകെ 38468/- രൂപ നികുതി ഈടാക്കുന്നുണ്ട്. എന്നാൽ ഈ കെട്ടിടത്തെ 200 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്ന വിഭാഗത്തിലുൾപ്പെടുത്തി ഒരു ചതുരശ്രമീറ്ററിന് 110/- രൂപ നിരക്കിൽ ചുവടെ ചേർക്കും പ്രകാരം നികുതി ഈടാക്കേണ്ടതാണ്.

| കെട്ടിട നം. | തറ വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി ചതുരശ്രമീറ്ററിന് 110/- രൂപ നിരക്കിൽ | അടിസ്ഥാന വസ്തുനികുതി യിൻമേലുള്ള വർദ്ധനവ് 35% (വഴിസൗകര്യം + തറനിർമ്മിതിയുടെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ് ) | ആകെ നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| 5/ 328 B | 76.6 | 8426 | 2949 | 11375.1 | 7334 / | 4041.1 |
| 5/ 328 C | 34.37 m2 | 3780 | 1323 | 5103 | 3300 | 1803 |
| 5/ 328 D | 26.24 m2 | 2886.4 | 1010.24 | 3896.64 | 2519 | 1377.6 |
| 5/ 328 E | 48.02 m2 | 5282.2 | 1848.77 | 7130.97 | 4610 | 2520.97 |
| 5/ 328 F | 82.44 m2 | 9068.4 | 3173.94 | 12242.34 | 8460 | 3782 |
| 5/ 328 G | 40.21 | 4423.1 | 1548.08 | 5971.18 | 4126 | 1845.18 |
| 5/ 328 H | 80.1 | 8811 | 3084 | 11895 | 8219 | 3676 |
| ആകെ | | | | 55851.88 | 38568 | 19045.85 |

കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 2-4 നഗരസഭയിലെ വസ്തുനികുതി പരിഷ്ക്കരണം പുനർനിർണ്ണയം പൂർത്തിയാക്കി നികുതി പരിഷ്ക്കരിച്ചിട്ടില്ല

നഗരസഭയിലെ വസ്തുനികുതി പരിഷ്ക്കരണഭേദഗതി ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുതിയ നികുതി ദായകരിൽ നിന്നും 01.04.2011 മുതലും നിലവിൽ നികുതി നൽകുന്നവരിൽ നിന്ന് 01.04.2013 മുതലും പരിഷ്ക്കരിച്ച വസ്തുനികുതി ഈടാക്കേണ്ടതായിരുന്നു. 2017-18 വ്രഷത്തെ വസ്തുനികുതി പരിശോധിച്ചതിൽ പുതിയ നികുതിദായകരിൽ നിന്നും പരിഷ്ക്കരിച്ച വസ്തുനികുതി ഈടാക്കുന്നുണ്ട്. എല്ലാ വാർഡിലെയും ഫോം 6 ഡാറ്റാ എൻട്രി പൂർണ്ണമാക്കി സഞ്ചയസോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (No.6) ഹാജരാക്കിയ മറുപടിയിൽ വസ്തുനികുതി പരിഷ്ക്കരണവുമായി സംബന്ധിച്ച ജോലികൾ പൂർണ്ണമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്നാണ് അറിയിച്ചത്. പരിഷ്ക്കരണം സമയബന്ധിതമായി നടത്തിയിരുന്നെങ്കിൽ വസ്തുനികുതി ഇനത്തിൽ വരുമാനവർദ്ധനവ് ഉണ്ടാകുമായിരുന്നു. അതിനാൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനഃ നിർണ്ണയം പൂർത്തിയാക്കേണ്ടതും ഈ വിവരങ്ങൾ സഞ്ചയസോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി നികുതി ഈടാക്കേണ്ടതാണ്.

# 2-5 അനധികൃതകെട്ടിടനിർമ്മാണം -ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കണം

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തുന്നതിന് കേരളാ

മുൻസിപ്പാലിറ്റി 2011 ലെ കേരളാ വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ 20 പ്രകാരം കെട്ടിടനിർമ്മാണം പൂർത്തിയായ വർഷം മുതൽ പ്രസ്തുത കെട്ടിടത്തിന് നമ്പർ നല്കുകയോ 1994 ലെ കേരളാ മുൻസിപ്പാലിറ്റി ആക്ട് 242 പ്രകാരം നികുതി ഈടാക്കുകയോ ചെയ്യേണ്ടതാണ്. അഞ്ചാം വാർഡിൽ ശ്രീ ജോർജ്ജ് ജോസഫ് വടക്കേക്കരി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും സർവ്വേ നമ്പർ 265/1A2 ൽ പെട്ട 291, 292, 293, 294, 295, 296 എന്നീ കെട്ടിടനമ്പരുകളുള്ളതും നിലവിലുണ്ടായിരുന്നതുമായ പഴയ കെട്ടിടത്തോട് ചേർത്ത് നടത്തിയ പുനർനിർമ്മാണത്തിന് മേൽ വിവരിച്ച പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ബി.എ നം. 585/12-13/ 18.3.13 ആയി ഈ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയിരുന്നു. ഇത് പ്രകാരം നിർമ്മാണം പൂർത്തിയാക്കേണ്ട കാലാവധി 17.03.16 ആണ്. എന്നാൽ KMBR ചട്ടങ്ങൾ പാലിക്കാതെയും അംഗീകൃത പ്ലാനിനേക്കാൾ കൂടുതൽ നിർമ്മാണം നടത്തിയെന്ന പരാതി ലഭിച്ചതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിൽ 99 ലെ വകുപ്പുകൾ ലംഘിച്ച് നിർമ്മിച്ചതാണെന്ന് വ്യക്തമായി. തുടർന്ന് നിർമ്മാണം നിർത്തിവെയ്ക്കുന്നതിനുള്ള ഷോകോസ് നോട്ടീസ് (T.P7044/1623.5.16) നഗരസഭ കെട്ടിട ഉടമയ്ക്ക് കൈമാറിയിരുന്നു. എന്നാൽ പിന്നീട് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. GO(P) 11/18 LSGD/152/18 പ്രകാരം ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ കെട്ടിട ഉടമ നഗരസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം KMBR ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ചതാണെന്ന് രേഖകളിൽ നിന്ന് വ്യക്തമാണ്. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായ വർഷം ഏതാണ് ഫയലിൽ ലഭ്യമല്ല. ഈ വിഷയത്തിൽ തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. കെട്ടിടം റഗുലറൈസ് ചെയ്യാൻ പറ്റുന്നതാണെങ്കിൽ അത്തരം നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കണം അല്ലാത്തപക്ഷം കെട്ടിടം പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിട നിർമ്മാണം പൂർത്തിയായ തീയതി മുതൽ പൊളിച്ച് നീക്കുന്നതുവരെ യു. എ. നമ്പർ നൽകി അനധികൃത നിർമ്മാണത്തിന് ബാധകമായ നികുതി ഈടാക്കേണ്ടതാണ്.

## 2-6 അനധികൃതമായി നിർമ്മിച്ച ആഡിറ്റോറിയം ക്രമവത്ക്കരിച്ചിട്ടില്ല

നഗരസഭയിൽ 3-ാം വാർഡിൽ 241/19 സർവ്വേ നമ്പർ സ്ഥലത്ത് നിർമ്മിച്ചതും പി. എ. ജോസഫ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതുമായ 889.75 $m^2$ ചതുരശ്രവിസ്തീർണ്ണമുള്ള ഓഡിറ്റോറിയം ക്രമവത്ക്കരിക്കാനുള്ള അപേക്ഷ കെട്ടിട ഉടമ സമർപ്പിക്കുകയുണ്ടായി. കെട്ടിട ഉടമ ഹാജരാക്കിയ രേഖകൾ പ്രകാരം 20.05.13 ൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയത് 15.04.2015 ൽ ആണ്. എന്നാൽ നഗരസഭയുടെ അനുമതിയില്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടം ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. കെട്ടിടനിർമ്മാണചട്ടങ്ങൾ പാലിക്കാതെയാണ് നിർമ്മിച്ചിട്ടുള്ളത്. ഓഡിറ്റോറിയത്തിലേക്ക് 5 മീറ്റർ വിതിയിൽ വഴി വേണ്ടപ്പോൾ 3.20m വിതിമാത്രമേ നിലവിൽ ഉള്ളൂ. പ്രസ്തുത കെട്ടിടം വിനിയോഗ ഗണം D യിൽ ഉൾപ്പെട്ടതാകുന്നു. KMBR 99 റൂൾ 55 പ്രകാരം 500 ചതുരശ്രമീറ്ററിൽ കവിഞ്ഞതും ആയിരം ചതുരശ്രമീറ്റർ വരെയുള്ള കെട്ടിടങ്ങളുടെ ലേ ഔട്ടിന്റെയും പ്ലോട്ടിന്റെയും ഉപയോഗത്തിന് ജില്ലാ ടൗൺപ്ലാനറിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്. GO(P) 11/18 LSGD/152/18 പ്രകാരം കെട്ടിടം റഗുലറൈസ് ചെയ്യുക സാധ്യമാണെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലെങ്കിൽ കെട്ടിടത്തെ അനധികൃത നിർമ്മാണങ്ങളിൽ ഉൾപ്പെടുത്തി അനധികൃത നിർമ്മാണങ്ങൾക്കുള്ള യു.എ. നമ്പർ നല്കേണ്ടതും കെട്ടിടം നിർമ്മാണം പൂർത്തിയായ വർഷം മുതൽ കെട്ടിടം റഗുലറൈസ് ചെയ്യപ്പെടുന്നതുവരെ 1994 ലെ കേരളാ മുൻസിപ്പാലിറ്റി ആക്ട് 242 പ്രകാരം അനികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ട നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ഇത് സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതായിരിക്കും.

## 2-7 ചട്ടലംഘനങ്ങളുള്ള പ്ലാൻ അംഗീകരിച്ച് കെട്ടിടനിർമ്മാണാനുമതി നൽകി

ശ്രീ. ജോൺസൻ, നെടുംപറമ്പിൽ, വൈക്കം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള 625.75 $m^2$ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബി.എ. നം. 316/16/19.6.18 പ്രകാരം നിർമ്മാണാനുവദി നൽകിയിട്ടുണ്ട്. കെട്ടിടം അനധികൃതമായി നിർമ്മിക്കുന്നണതെന്ന പരാതിയിൽ നടത്തിയ തുടർപരിശോധനയിൽ കെട്ടിടം KMBR 25(1), 24 (5), (8) എന്നിവ പാലിക്കുന്നില്ലായെന്ന് ബോധ്യമാകുകയും തുടർ പ്രവർത്തനങ്ങൾക്ക് സെക്രട്ടറി സ്റ്റോപ്പ് മെമ്മോ നൽകുകയുണ്ടായി. ചട്ടപ്രകാരമല്ലാത്ത പ്ലാൻ പെർമിറ്റ് നേടുന്നതിനായി സമർപ്പിച്ച് നിർമ്മാണാനുമതി നേടിയെടുക്കുയാണുണ്ടായത്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടനിർമ്മാണ പ്ലാൻ അംഗീകരിച്ച് നൽകിയത് തെറ്റായ നടപടിയാണ്. കേരളാ മുൻസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 1999 റൂൾ 18 പ്രകാരം അനധികൃതമായി ആരംഭിച്ചതോ, നടന്നുകൊണ്ടിരിക്കുന്നതോ, പൂർത്തിയായതോ ആയ നിർമ്മാണങ്ങളിൽ മാറ്റം വരുത്തുകയോ അല്ലെങ്കിൽ പൊളിച്ചുകളയുന്നതിനോ സെക്രട്ടറിക്ക് അധികാരമുണ്ട്. ഇപ്രകാരം മാറ്റംവരുത്തിയ പ്ലാൻ സമർപ്പിക്കാൻ കെട്ടിട ഉടമയോട് ആവശ്യപ്പെടാവുന്നതും തുടർനിർമ്മാണത്തിന് അനുവാദം നൽകാവുന്നതാണ്. അല്ലാത്തപക്ഷം കെട്ടിടം പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

# 2-8 തൊഴിൽ നികുതി പിരിവിലെ അപാകത സംബന്ധിച്ച്

<u>തൊഴിൽ നികുതി ഈടാക്കിയില്ല.</u>

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ചതിൽ ചേർത്തല താലൂക്ക് ആശുപത്രിയിൽ നിന്നും ആദ്യ അർദ്ധ വർഷം 121 പേർ മാത്രമേ നികുതി അടച്ചിട്ടുള്ളൂ. എന്നാൽ രണ്ടാം അർദ്ധ വർഷം 144പേർ അടച്ചതായി കാണുന്നു. അതുപോലെ ചേർത്തല ബാറിലെ അഭിഭാഷകർ, നഗരസഭയിലെ കരാറുകാർ, സംസ്ഥാന ബീവറേജസ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ എന്നിവർ തൊഴിൽ നികുതി ഒടുക്കു വരുത്തിയതായി കാണുന്നില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോയെന്ന ഓഡിറ്റ് എൻക്വയറിക്ക് ഇവരിൽ നിന്ന് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. തൊഴിൽ നികുതി ഈടാക്കി തനതു ഫണ്ടിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതിമാണ്.

<u>തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>

| ക്രമ നം. | ജീവനക്കാരന്റെ പേര്, ഉദ്യോഗപ്പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി (രൂ.) | ഈടാക്കേണ്ട നികുതി (രൂ.) | കുറവ് (രൂ.) |
|---|---|---|---|---|---|
| 1 | രതീഷ്. പി.ആർ,<br>കണ്ടക്ടർ, കെ.എസ്.ആർ.ടി.സി | 126590 (II) | 1000 | 1250 | 250 |
| 2 | സുമേഷ്. എസ്, കണ്ടക്ടർ | 126590 (II) | 1000 | 1250 | 250 |
| 3 | കിഷോർ. പി. എം, ഡ്രൈവർ | 126590 (II) | 1000 | 1250 | 250 |
| 4 | മനോജ്. കെ, ഡ്രൈവർ | 126590 (II) | 1000 | 1250 | 250 |
| 5 | സജീവ്. എം. പി, ഡ്രൈവർ | 126590 (II) | 1000 | 1250 | 250 |
| 6 | സിയാദ്. ഡി. എസ്, ഡ്രൈവർ | 126590 (II) | 1000 | 1250 | 250 |
| 7 | ഉണ്ണികൃഷ്ണൻ. കെ, ഡ്രൈവർ | 126590 (II) | 1000 | 1250 | 250 |
| 8 | ഡിക്സൺ. എ. ബി, പെയിന്റർ | 126590 (II) | 1000 | 1250 | 250 |
| 9 | ജോൺ ബ്രിട്ടോ. പി. ജെ, പെയിന്റർ | 126590 (II) | 1000 | 1250 | 250 |
| 10 | ആനന്ദരാജ്. സി, മെക്കാനിക് | 126590 (II) | 1000 | 1250 | 250 |
| 11 | ബിനു ദിനേഷ്, മെക്കാനിക് | 126590 (II) | 1000 | 1250 | 250 |
| 12 | പ്രദീപ്. എം. എസ്, മെക്കാനിക് | 126590 (II) | 1000 | 1250 | 250 |
| 13 | സുരേഷ്. എം, മെക്കാനിക് | 126590 (II) | 1000 | 1250 | 250 |

| | | | | | |
|---|---|---|---|---|---|
| 14 | ശാലിനി മോൾ, കണ്ടക്ടർ | 127339/- (I) | 1000 | 1250 | 250 |
| 15 | രഞ്ജിത്കുമാർ, ഓവർസീയർ, കെ.ഡബ്ല്യൂ.എ | 136884/-(I) | 750 | 1250 | 500 |
| 16 | സബീന ബീഗം, ഓവർസീയർ, കെ.ഡബ്ല്യൂ.എ | 136884/-(I) | 750 | 1250 | 500 |
| 17 | ആർ. വേണുനാഥൻ, എൽ.ഐ.സി | 176369 (II) | 1000 | 1250 | 250 |
| 18 | ആന്റണി സച്ചിൻ. കെ. എ, എഫ്.റ്റി.എം, സെന്റ് മേരീസ് | 102840(II) | 750 | 1000 | 250 |
| | ആകെ | | | | 5000/- |

കുറവ് വന്ന തുക എത്രയും വേഗം ഈടാക്കി തനതു ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കാത്ത പക്ഷം ടി തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

<u>ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.</u>

തൊഴിൽ നികുതി സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 29 ന് മറുപടി ലഭ്യമാക്കിയില്ല. വിവരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 2-9 സ്ഥാപന നികുതി അടവാക്കിയില്ല.

സ്ഥാപന നികുതി സംബന്ധമായ രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ നികുതി അടവാക്കിയിട്ടില്ല എന്ന് കാണുന്നു. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 29 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന നികുതി അടവാക്കിയതായി പറയുന്നില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും എത്രയും വേഗം നികുതി പിരിച്ചെടുത്ത് തനത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക കാലയളവ് | അടയ്ക്കാനുള്ള തുക |
|---|---|---|---|
| 1 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | II അർദ്ധ വർഷം | 1250 |
| 2 | വിജയ ബാങ്ക് | I&II അർദ്ധ വർഷം | 2500 |
| 3 | കെ.എസ്.എഫ്.ഇ. മെയിൻബ്രാഞ്ച് | II അർദ്ധ വർഷം | 1250 |
| 4 | ഐ.സി.ഐ.സി.ഐ. ബാങ്ക് | I&II അർദ്ധ വർഷം | 2500 |
| 5 | എസ്.സി.ബി. നം. 1688 | I&II അർദ്ധ വർഷം | 2500 |
| 6 | ടൗൺ ട്രേഡേഴ്സ് വെൽഫെയർ സഹകരണ സംഘം | I&II അർദ്ധ വർഷം | 2500 |
| | | ആകെ | 12,500/- |

# 2-10 കുത്തക ലേലം -കുടിശ്ശിക തുക ഈടാക്കിയിട്ടില്ല

ചേർത്തല നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ലേലം സംബന്ധിച്ച വരവുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നഗരസഭാ പരിധിയിലുള്ള താഴെപ്പറയുന്ന കുത്തകളുടെ ലേലം നടത്തിയതിൽ ലേലത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കുത്തക | ലേലം ഏറ്റെടുത്ത വ്യക്തി | ലേലത്തുക | ഒടുക്കിയ തുക | കുടിശ്ശിക |
|---|---|---|---|---|
| കംഫർട്ട് സ്റ്റേഷൻ (പ്രൈവറ്റ് ബസ് സ്റ്റാൻഡ്) | ശ്രീമതി. ലീല | 1,71,000/- | 1,20,000/- | 51,000/- |
| പബ്ലിക് ഹാൾട്ടിംഗ് പ്ലേസ് | ശ്രീമതി. മഞ്ജു. എസ്. കുമാർ | 1,56,000/- | 91,000/- | 65000/- |
| വള്ളക്കടവ് പുറമ്പോക്ക് | | 53,000/- | 26501/- | 26499/- |
| കംഫർട്ട് സ്റ്റേഷൻ (താലൂക്ക് ആശുപത്രി) | ശ്രീ. പ്രവീൺ. കെ. പി, കുളത്രുക്കാട് | 1,32,000/- | 85000/- | 47000/- |
| പരസ്യ നികുതി | ശ്രീ. നടരാജൻ, മഠത്തിവീട് | 1,71,500/- | 57167/- | 114333/- |
| ആകെ | | | | 303832/- |

കുടിശ്ശിക തുക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ റവന്യൂ റിക്കവറിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചു. എന്നാൽ കുത്തകലേലം ഏറ്റെടുത്ത മേൽ വ്യക്തികളുമായി കരാർ ചമയ്ക്കാതെയാണ് ലേലം ഉറപ്പിച്ചിട്ടുള്ളത്. കുടിശ്ശിക വരുത്തിയ തുക പിഴപ്പലിശ സഹിതം ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 2-11 വാടക കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച്

ചേർത്തല നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാടക സംബന്ധിച്ച വരവുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലെക്സ്/ കെട്ടിടങ്ങളിലെ താഴെപ്പറയുന്ന മുറികളുടെ വാടകയിൽ കുടിശ്ശിക ഉള്ളതായി കാണുന്നു.

| ക്രമ നം. | കെട്ടിടം | കടമുറി നം. | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | വാടക ഒടുക്ക് |
|---|---|---|---|---|---|
| 1 | മിനി ഷോപ്പിംഗ് കോംപ്ലക്സ്, പടയണിപാലം | 3 | സഞ്ജയൻ, സത്യാലയം | 2620/- | 2/18 വരെ |
| 2 | “ | 9 | ബിജുമോൻ, മണ്ണാപറമ്പിൽ | 2620/- | 8/16 വരെ |
| 3 | “ | 10 | വി. ജി. മാത്യു, മുളയ്ക്കൽ | 2620/- | 2/18 വരെ |
| 4 | “ | 11 | “ | 2620/- | 2/18 വരെ |
| 5 | “ | 12 | “ | 2620/- | 2/18 വരെ |
| 6 | മുട്ടം മാർക്കറ്റ് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | 2 | ആൻറണി, വാടപ്പുറത്ത് | 1824/- | 2/18 വരെ |
| 7 | “ | 6 | ആൻറണി ജോസഫ്, കാളിപ്പറമ്പിൽ | 1824/- | 12/17 വരെ |
| 8 | “ | 7 | വർക്കി ജോസഫ്, ചെത്തിക്കാട്ട് വെളി | 1824/- | 12/17 വരെ |
| 9 | ടാക്സി സ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് II | 4 | ജയലാൽ | 950/- | 01/18 വരെ |
| 10 | ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് | 17 | സെക്രട്ടറി, ചേർത്തല താലൂക്ക് പ്രൈ. ബസ് ഓപ്പറേറ്റേഴ്സ് സൊസൈറ്റി | 670/- | 01/14 വരെ |
| 11 | ഇരുമ്പ് പാലം ഷോപ്പിംഗ് കോംപ്ലക്സ് | 6 | അരുൺ പ്രസന്നൻ | 964/- | 8/14 വരെ |
| 12 | “ | 9 | ബാബു നാരായണൻ | 964/- | 2/16വരെ |
| 13 | ഗാന്ധിബസാർ ഷോപ്പിംഗ് കോംപ്ലക്സ് | 41 | എം. എൽ. എ. ഓഫീസ് | 849/- | 3/16വരെ |
| 14 | “ | 47 | പി. കെ. ശിവദാസൻ | 7684/- | 3/15വരെ |
| 15 | പാർട്ട് ഓഫ് ലോഡ്ജ് & നീതി മെഡിക്കൽസ് | 2 | എം. സന്തോഷ് കുമാർ | 345/- | രേഖപ്പെടുത്തിയിട്ടില്ല |
| 16 | ലോഡ്ജ് ഷോപ്പിംഗ് കോംപ്ലക്സ് | 7 | ജോളി. ആർ, കാഞ്ഞിരത്തിനാൽ | 690/- | 2/18വരെ |
| 17 | ദേവീ ക്ഷേത്രത്തിന് എതിർവശത്തുള്ള ഷോപ്പിംഗ് കോംപ്ലക്സ് | 1 | പി. ശിവൻകുട്ടി | 1425/- | 2/18വരെ |
| 18 | “ | 8 | കേരള കൗമുദി ഓഫീസ് | 1461/- | 11/16വരെ |
| 19 | ദേവീ ക്ഷേത്രത്തിന് എതിർവശത്തുള്ള ഷോപ്പിംഗ് കോംപ്ലക്സ് First Floor | 1 | ഷാജിമോൻ | 3010/- | 1/18വരെ |
| 20 | “ | 5 | റോയി ജോൺ | 2902/- | 11/17വരെ |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 21 | “ | 6 | മലയാള മനോരമ ഓഫീസ് | 2274/- | 01/18വരെ |
| 22 | “ | 7 | മാതൃഭൂമി ഓഫീസ് | 2501/- | 2/18വരെ |
| 23 | ദേവീ ക്ഷേത്രത്തിന് എതിർവശത്തുള്ള ഷോപ്പിംഗ് കോംപ്ലെക്സ് Second Floor | 1 | എൻ. കെ. പ്രകാശൻ | 718/- | 12/17വരെ |
| 24 | “ | 3 | രജനി, ചെട്ടുപറമ്പിൽ | 752/- | 3/17വരെ |
| 25 | “ | 494A | പൊന്നപ്പൻ, മലയത്തറ | 962/- | 2/18വരെ |
| 26 | “ | 5 | സലീൽ. കെ, ചെട്ടുപറമ്പിൽ | 962/- | 5/14വരെ |
| 27 | “ | 504 | റോയി ജോൺ,മത്തിൽവെളി | 3861/- | 12/17വരെ |
| 28 | “ | 508V | “ | 1752/- | 12/17വരെ |
| 29 | “ | 508B | ശശികുമാർ | 1103 | 3/17വരെ |
| 30 | “ | 508A | ഉദയകുമാർ | 1654 | 6/14വരെ |
| 31 | “ | 508W | ടി എസ് പ്രകാശൻ | 1391 | 12/17വരെ |
| 32 | “ | 508D | മംഗളം പബ്ലിക്കേഷൻ | 1724 | 1/18വരെ |
| 33 | “ | 508X | സന്തോഷ് വി ജെ | 552 | 3/16വരെ |
| 34 | “ | 508Q | സാജു പി എസ് | 665 | 11/17വരെ |
| 35 | “ | 508 | ജോഷി വർഗ്ഗീസ് | 276 | 1/18വരെ |
| 36 | ടാക്സി സ്റ്റാൻറ് ന്യൂ ഷോപ്പിംഗ് കോംപ്ലെക്സ് | II/E | സന്തോഷ്,ഇല്ലിക്കൽചിറ | 3326/- | 2/18വരെ |
| 37 | “ | II/F | രാജശ്രീ റാണി | 3326/- | 9/17വരെ |
| 38 | “ | II/H | സുരേഷ് കുമാർ | 3326/- | 2/18വരെ |
| 39 | “ | II/I | ഷീജമോൾ | 3326/- | 2/18വരെ |
| 40 | “ | II/J | കെ പി ഗിരീഷ് കുമാർ | 3326/- | രേഖപ്പെടുത്തിയിട്ടില്ല |
| 41 | പടയണിപ്പാലം തെക്ക് ഷോപ്പിംഗ് കോംപ്ലെക്സ് | 3 | ലീന സതീശൻ | 1964/- | 2/18വരെ |
| 42 | “ | 4 | വി എൻ മധു | 1918/- | 2/18വരെ |
| 43 | “ | 5 | പ്രവീൺ, മാടവന വീട് | 1874/- | 2/18വരെ |
| 44 | “ | 6 | സിജോ, ചുള്ളിക്കൽ | 1806/- | 2/18വരെ |
| 45 | “ | 12 | സുഗതൻ | 1511/- | 8/16വരെ |
| 46 | “ | 14 | മനോഹരൻ | 1411/- | 9/14വരെ |
| 47 | “ | 15 | ഉഷിബ ബീവി | 1367/- | 2/18വരെ |
| 48 | പടയണിപ്പാലം വടക്ക് ഷോപ്പിംഗ് കോംപ്ലെക്സ് | 3 | സിജോ ജോസഫ് | 2073/- | 2/18 വരെ |
| 49 | “ | 4 | ഇ കെ പ്രസന്നൻ | 2073/- | 2/18 വരെ |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 50 | “ | 7 | ഷാജിമോൻ, അറക്കൽചിറ | 2073/- | 2/18 വരെ |
| 51 | “ | 8 | “ | 2063/- | 2/18 വരെ |
| 52 | “ | 9 | “ | 2031/- | 2/18 വരെ |
| 53 | “ | 10 | “ | 1941/- | 2/18 വരെ |
| 54 | വനിതാ വ്യവസായ കേന്ദ്രം ഷോപ്പിംഗ് കോംപ്ലെക്സ് New | 5 | ശ്രീമതി. ജയമ്മ | 3413/- | 10/17 വരെ |

2017-18 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കുടിശ്ശിക വരുത്തിയിട്ടുള്ള പല കടയുടമകളും തൊട്ടടുത്ത സാമ്പത്തിക വർഷം വാടക കുടിശ്ശിക ഒടുക്കിയിട്ടുണ്ടെങ്കിലും തുക ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വർഷാവസാനം രജിസ്റ്ററിൽ ഡി. സി. ബി. തയ്യാറാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇപ്രകാരം ഡി. സി. ബി. തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ചില വാടകക്കാർ വർഷങ്ങളായി വാടകയിൽ കുടിശ്ശിക വരുത്തിയിട്ടുള്ളതിനാലും വാടക ഇനത്തിലെ നഷ്ടം കൃത്യമായി നിർണ്ണയിക്കുവാൻ സാധിച്ചിട്ടില്ല.

വാടക കുടിശ്ശിക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിൻെറ വിവരങ്ങളും കുടിശ്ശിക ഒടുക്കിയിട്ടില്ലാത്ത വാടകക്കാരിൽ നിന്നും തുക ഈടാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാനാവശ്യപ്പെട്ടുള്ള ഓഡിറ്റന്വേഷണത്തിന് നൽകിയ മറുപടിയിൽ, കുടിശ്ശിക വരുത്തിയവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരികയാണെന്നും അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക പൂർണ്ണമായി ഈടാക്കി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ വരും വർഷങ്ങളിൽ ഏതെങ്കിലും വാടക്കാർ ഇപ്രകാരം കുടിശ്ശിക വരുത്തുന്നവെങ്കിൽ അവർക്കെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വരുത്താതെ ബന്ധപ്പെട്ട സെക്ഷൻ ശ്രദ്ധിക്കേണ്ടതുമാണ്.

2. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലെക്സ്/കെട്ടിടങ്ങളിലെ നിരവധി മുറികൾ ദീർഘകാലമായി ഒഴിഞ്ഞു കിടക്കുന്നു. ആയവ പല തവണ ലേലം നടത്തിയെങ്കിലും ആരും ഏറ്റെടുക്കാൻ തയ്യാറായിട്ടില്ലെന്നാണ് അറിയിച്ചത്. ഒഴിഞ്ഞു കിടക്കുന്ന മുറികളിൽ എന്തെങ്കിലും അറ്റകുറ്റപ്പണികൾ ഉണ്ടെങ്കിൽ പൂർത്തീകരിച്ച് ടി മുറികൾ പുനർലേലം നടത്തി നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. താലൂക്ക് ആശുപത്രിക്ക് സമീപമുള്ള 15 ബങ്കുകൾ ഉൾപ്പെടെ നഗരസഭാ പരിധിയിൽ ആകെ 101 ബങ്കുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഭൂരിഭാഗം ബങ്കുകളും വർഷങ്ങളായി വാടക ഒടുക്കാതെയാണ് പ്രവർത്തിക്കുന്നത്. നഗരസഭയിൽ നിന്നും നോട്ടീസ് നല്കിയതിനെതുടർന്ന് ആശുപത്രിക്ക് സമീപമുള്ള ബങ്കുകൾ നിലവിൽ വാടക ഒടുക്കി വരുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ വാടക ഒടുക്കാതെ വർഷങ്ങളായി പ്രവർത്തിച്ച് വരുന്ന മറ്റ് ബങ്കുകളിൽ നിന്നും വാടക ഈടാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. കൂടാതെ വഴിയോര കച്ചവടക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് പ്രതിമാസം 250/- രൂപ നിരക്കിൽ വാടക നിർണ്ണയിച്ച് 15 കച്ചവടക്കാരെ പുനരധിവസിപ്പിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാടക ഒടുക്കാതെ പ്രവർത്തിക്കുന്ന ഇവരിൽ നിന്നും വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-12 ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കൽ -യൂസർ ഫീ ഈടാക്കിയില്ല

നഗരസഭ 2-ാം വാർഡിൽ ഇരുവേലി പാലം മുതൽ നൈപുണ്യ കോളേജ് റോഡിന്റെ ഇരുവശവും അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്നതിനായി റിലയൻസ് ജിയോ ഇൻഫോ കോം ലിമിറ്റഡ് അനുമതി നല്കുകയുണ്ടായി. റസ്റ്റോറേഷൻ ചർജ്ജും അഞ്ച് ലക്ഷം രൂപ യൂസർ ഫീ ഈടാക്കണമെന്ന് 24.6.17 ലെ p.w.1/1710/17 നം. കൗൺസിൽ

പ്രകാരം തീരുമാനമെടുക്കുകയും ആ വ്യവസ്ഥയിലുമാണ് അനുമതി നൽകിയത്. എന്നാൽ യൂസർ ഫീയും, ജി.എസ്.ടിയും ഈടാക്കിയിട്ടില്ല. റോഡ് റസ്റ്റോറേഷൻ ചാർജ്ജ് മാത്രമാണ് ഈടാക്കിയത്. ഈ വിഷയം ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.05.18 ലെ ഡിസി 2/531/2017 സർക്കുലർ പ്രകാരം റസ്റ്റോറേഷൻ ചാർജ്ജല്ലാതെ മറ്റൊരു ഫീസും OFC കേബിൾ ഇടുന്നതുമായി ബന്ധപ്പെട്ട് ടെലിക്കോംസേവനദാതാക്കളിൽ നിന്നും ഈടാക്കേണ്ടിതല്ല എന്ന വ്യവസ്ഥയുണ്ടെന്നാണറിയിച്ചത്. എന്നാൽ പ്രസ്തുത ഉത്തരവ് എൽ.എസ്.ജി.ഡി. സൈറ്റിലോ, കിലയിലോ ലഭ്യമല്ല. അതിനാൽ ഉത്തരവിന്റെ കൃത്യത പരിശോധിച്ച് നഷ്ടം വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-13 ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് -നഗരസഭയ്ക്ക് തിരികെ ലഭിച്ചില്ല

8/9/13-ലെ ജി.ഒ (എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും തദ്ദേശസ്ഥാപനത്തിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷത്തെ മിക്ക മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് നഗരസഭ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 59140/- രൂപ എൽ.എസ്.ജി.ഡി. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്.

പ്രവൃത്തികളുടെ വിശദാംശം അനുബന്ധം 3-ആയി കൊടുത്തിട്ടുള്ളത് കാണുക.

എന്നാൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗത്തിലെ വീഴ്ച – 2.13കോടി പാഴായി

നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 2.13 കോടി പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം നഗരസഭയ്ക്ക് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. നഗരസഭയ്ക്ക് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 3673248 |
| വികസന ഫണ്ട് – എസ്.സി.പി. | 994032 |
| മെയിന്റനൻസ് ഫണ്ട് – റോഡ് | 9090 |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | 25342 |
| | |

| | |
|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 14547895 |
| കെ.എൽ.എസ്.ജി.ഡി.പി | 2057180 |
| | |
| **ആകെ** | **21306787** |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക നഗരസഭയ്ക്ക് നഷ്ടമായത്. തൻവർഷം ആകെ 229 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 68 പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയില്ല. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്നു ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്ക് നഷ്ടമാകുന്നു. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-2 പൊതുമരാമത്ത് പ്രവൃത്തികൾ - നഗരസഭയ്ക്ക് ദീർഘകാല വികസന കാഴ്ചപ്പാട് ഇല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതിയും രൂപീകരിക്കുന്നതിന് മുന്നൊരുക്കങ്ങൾ ആരംഭിക്കേണ്ടതാണെന്നും വാർഷിക പദ്ധതി 2017 മാർച്ച് 31 നകം അംഗീകാരം നേടി ഏപ്രിൽ ഒന്നു മുതൽ നിർവ്വഹണം ആരംഭിക്കാൻ പ്രാപ്തമാകണമെന്നും നിഷ്കർഷിച്ചിരുന്നു.

എന്നാൽ പൊതുമരാമത്ത് പ്രവൃത്തികളുടെ പുതിയ വാർഷിക പദ്ധതികൾ സാമ്പത്തിക വർഷാരംഭത്തിന് ശേഷം മാത്രമാണ് അംഗീകാരം നേടിയിട്ടുള്ളത്. കൂടാതെ നഗരസഭയുടെ സമഗ്ര വികസനവും പുരോഗതിയും പരിഗണിച്ചുള്ള പൊതുസമീപനം പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രതിഫലിക്കുന്നുമില്ല. വാർഷിക പദ്ധതികൾ മൊത്തത്തിൽ പരിശോധിച്ചാൽ നഗരവത്ക്കരണം ഉയർത്തുന്ന സവിശേഷ പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകി കൊണ്ടുള്ള സമീപനം സ്വീകരിച്ചതായും കാണുന്നില്ല.

പൊതുമരാമത്ത് പദ്ധതികൾ പരിശോധിച്ചാൽ വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവച്ചുകൊണ്ട് പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതായാണ് കാണുന്നത്. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട വികസന കാഴ്ചപ്പാട്, മുൻഗണനാക്രമം, ആവശ്യകത എന്നിവ മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്തിട്ടില്ല. പകരം വിവിധ വാർഡുകളിൽ ജപ്പാൻ കുടിവെള്ള കണക്ഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട് നൽകുന്ന അപേക്ഷകളിൽ അംഗീകാരം നൽകലാണ് പ്രധാനമായും നടത്തുന്നത്. നഗരവത്ക്കരണം ഉയർത്തുന്ന പ്രശ്നങ്ങൾക്ക് പരിഗണന നൽകി നഗരസഭയുടെ സമഗ്രവികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

***<u>പദ്ധതി തെരഞ്ഞെടുപ്പ്, ആസൂത്രണം, നടപ്പാക്കൽ എന്നിവയിൽ കാണുന്ന അപാകതകൾ താഴെ പറയുന്നു.</u>***

പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുകയോ നടപ്പാക്കാൻ പറ്റാത്ത പ്രോജക്ടുകളുടെ കാര്യം ചർച്ച ചെയ്യുകയോ ഇവ അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.

നഗരസഭയുടെ 2017-18 വാർഷിക പദ്ധതി രൂപീകരണ സെമിനാറിന്റ ഭാഗമായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 05.05.2017-ൽ കൂടുകയുണ്ടായി. ഇതിൽ പൊതുമരാമത്ത് വിഭാഗത്തിൽ 40 നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞ് വരികയുണ്ടായി. ഇതിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

1. ടൗൺഹാൾ False ceiling, ഒന്നാം നില എന്നിവ ചേർത്ത് മുനിസിപ്പാലിറ്റിയ്ക്ക് വരുമാനം ലഭിക്കത്തക്ക രീതിയിലുള്ള ഒരു കൺവൻഷൻ ഹാൾആക്കി ഉപയോഗിക്കുക
2. മിനി മാർക്കറ്റ് പുനരുദ്ധാരണം നടത്തി ഉപയോഗയോഗ്യമാക്കുക
3. മനോരമ കവല വികസനത്തിന് വേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കുക
4. റെയിൽവേ സ്റ്റേഷന് കിഴക്ക് വശത്തുള്ള സ്ഥലം മുനിസിപ്പാലിറ്റിയ്ക്ക് വരുമാനം ഉണ്ടാക്കുന്ന തരത്തിലുള്ള നിർമ്മാണങ്ങൾ നടത്തി സംരക്ഷിക്കുക.
5. ഹൈവേ പാലത്തിന് സമീപത്ത് രണ്ട് UnderPass നിർമ്മിക്കുക.
6. അറവുശാല എത്രയും വേഗം നിർമ്മിക്കുക
7. E-Toilet കൾ പൊതുജനങ്ങൾക്ക് ഉപയോഗയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
8. 11,10,9 വാർഡുകളിൽ കൂടി പോകുന്ന കനാൽ വൃത്തിയാക്കി pitching, top concrete എന്നിവ ചെയ്ത് സംരക്ഷിക്കുക.

എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ കണക്കിലെടുത്ത് 2017-18 വാർഷിക പദ്ധതികളിൽ ഇതിനനുസൃതമായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയില്ല.

***<u>പ്രോജക്ട് ഏറ്റെടുത്ത് നടത്തിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.</u>***

2017-18 വർഷം 141 പ്രോജക്ടുകൾക്കാണ് അംഗീകാരം നൽകിയിരുന്നത്. ഇതിൽ 71 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളും 70 എണ്ണം പുതിയ പ്രോജക്ടുകളുമാണ്. എന്നാൽ തൻവർഷം 54 സ്പിൽ ഓവർ പ്രോജക്ടുകളും 35പുതിയ പ്രോജക്ടുകളും മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. (ക്യൂ ബില്ലിൽ ഉൾപ്പെട്ടവ ഉൾപ്പെടെ).

റോഡ് കണക്ടിവിറ്റി മാപ്പ്, റോഡുകളുടെ പട്ടിക എന്നിവ ആധാരമാക്കിയല്ല റോഡ് വികസനം നടപ്പാക്കിയിട്ടുള്ളത്. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ആസ്തി വികസന പ്രോജക്ടുകൾ നിലവിലുള്ള ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതാണോ എന്നു പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മിനുറ്റ്സ് പുസ്തകം പരിശോധിച്ചതിൽ 2017-18വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് കേവലം ഒരു യോഗം മാത്രമാണ് കൂടിയിട്ടുള്ളത്. (05.05.2017). നിർവ്വഹണം ചെയ്യപ്പെട്ട പ്രോജക്ടുകൾ വർക്കിംഗ് ഗ്രൂപ്പ് തുടർനിരീക്ഷണം ചെയ്യുന്നില്ല. പ്രോജക്ട് രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമതികളായി മാറേണ്ടതും പ്രവർത്തികളുടെ മോണിറ്ററിംഗ് നടത്തേണ്ടതുമായിരിക്കെ ഈ കടമയും വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചിട്ടില്ല. പൊതുമരാമത്ത് പ്രോജക്ടുകളിൽ ഒന്നും തന്നെ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടുമില്ല.

***<u>ആസൂത്രണത്തിലെ പാളിച്ച മൂലം പദ്ധതികൾ നടപ്പാക്കാനാവാതെ ഉപേക്ഷിക്കേണ്ടി വരുന്നു.</u>***

തൻവർഷം മുനിസിപ്പൽ എഞ്ചിനീയർ മുഖേന നടപ്പിലാക്കുവാൻ 141 പദ്ധതികളാണ് രൂപീകരിച്ചിരുന്നത്. രൂപീകരിച്ചിരുന്ന 6 പദ്ധതികൾ പൂർണമായും ഉപേക്ഷിക്കേണ്ടതായി വന്നു. സാങ്കേതികാനുമതി ലഭിക്കാൻ കാലതാമസം നേരിട്ടതിനാൽ യഥാസമയം പൂർത്തിയാക്കുവാൻ സാധിക്കുകയില്ലെന്ന് കൗൺസിലിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതികൾ ഉപേക്ഷിച്ച് കൊണ്ട് പദ്ധതികൾക്കായി വകയിരുത്തിയിരുന്ന തുക പി.എം.എ.വൈ. ലൈഫ് പദ്ധതിയിലേയ്ക്ക് മാറ്റുകയാണുണ്ടായത്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | |
|---|---|---|
| 1 | രാജീവ്ഗാന്ധി ടൗൺഹാൾ നവീകരണം | 6000000 |
| 2 | പകൽ വീട് നിർമ്മാണം | 1167606 |
| 3 | വിവിധ സ്കൂളുകളുടെ ശൗചാലയ അറ്റകുറ്റപ്പണി | 500000 |
| 4 | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഒന്നാം നില നിർമ്മാണം | 10546487 |
| | | |

| | | |
|---|---|---|
| 5 | വിവിധ വാർഡുകളിൽ അങ്കണവാടി അറ്റകുറ്റപ്പണി | 2921750 |
| 6 | താലൂക്ക് ആശുപത്രി ക്യാന്റീൻ നിർമ്മാണം | 1500000 |

2017-18 വാർഷിക പദ്ധതി തയാറാക്കുന്നതിന് ജി.ഒ (എം.എസ്) നം. 72/2017/എൽ.എസ്.ജി.ഡി തീയതി. 29.03.2017 എന്ന സർക്കാർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതി ആവിഷ്കരിക്കുന്നതിന് ചുവടെ കൊടുത്തിട്ടുള്ള 9 ഘട്ടങ്ങൾ അവലംബമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

(1) ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ

(2) വികസനരേഖ തയ്യാറാകൽ

(3) വാർഡ് സഭകൾ/ഊരുകൂട്ടങ്ങൾ യോഗം ചേരൽ

(4) വികസനസെമിനാർ

(5) വാർഷിക പദ്ധതികൾക്ക് അന്തിമ രൂപം നൽകൽ

(6) പ്രോജക്ടുകൾ തയാറാക്കൽ

(7) വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

(8) പ്രോജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും

(9) വാർഷിക പദ്ധതി നിർവ്വഹണവും മോണിറ്ററിംഗും

ഇതിൽ നിന്നും 5 ഘട്ടങ്ങൾക്ക് ശേഷമാണ് പ്രോജക്ടുകൾ തയാറാക്കേണ്ടത് എന്ന് മനസ്സിലാക്കാവുന്നതാണ്. തൻവർഷം ഉപേക്ഷിക്കപ്പെട്ട ഈ 6 പ്രോജക്ടുകൾ തയാറാക്കുന്നതിന് മുൻപായി മേൽപറഞ്ഞ 5 ഘട്ടങ്ങളിലൂടെ കടന്നുപോയെങ്കിലും അതാത് ഘട്ടങ്ങളിൽ പ്രോജക്ടുകളുടെ നടപ്പിലാക്കാനുള്ള സാധ്യത, പ്രായോഗികത എന്നിവ വിലയിരുത്തിയില്ല. മുന്നൊരുക്കവും Feasibility പഠനവും നടത്താതെ പ്രോജക്ടുകൾ രൂപീകരിക്കപ്പെട്ടതിനാൽ പ്രസ്തുത പ്രോജക്ടുകൾ ഉപേക്ഷിക്കേണ്ടി വന്നു. മാത്രമല്ല ഇതിനായി പകരം പ്രോജക്ടുകൾ രൂപീകരിക്കാനുള്ള വിലയേറിയ സമയവും നഷ്ടമായി. വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയുടെ സത്ത ഉൾക്കൊണ്ട് പ്രാദേശികവികസനത്തിന് പൂർണ്ണമായി അനുയോജ്യമായ വിധത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കാനും, ആയതിന്റെ ആസൂത്രണ- നിർവ്വഹണ ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, കൗൺസിൽ എന്നിവയുടെ സജീവമായ ഇടപെടൽ ഉറപ്പുവരുത്താനും നഗരസഭ ശ്രദ്ധിക്കേണ്ടതാണ്.

<u>അംഗീകരിച്ച പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയാഞ്ഞതിനാൽ ഫണ്ട് നഷ്ടപ്പെട്ടു</u>

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം 141 പ്രോജക്ടുകൾക്കാണ് ഡി.പി.സി അംഗീകാരം ലഭിച്ചത്. ഇതിൽ 71എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളും 70 എണ്ണം പുതിയ പ്രോജക്ടുകളുമാണ്. ഇതിൽ തന്നെ സ്പിൽ ഓവർ പ്രോജക്ടുകളിൽ 54 എണ്ണത്തിലും പുതിയ പ്രോജക്ടുകളിൽ 42 എണ്ണത്തിലുമാണ് തൻ വർഷം ചെലവുള്ളത്. സ്പിൽ ഓവർ പ്രോജക്ടുകളിൽ 17എണ്ണം തൻവർഷം ചെലവില്ലാത്തതിനാൽ തുടർ വർഷത്തിൽ നടപ്പിലാക്കാൻ കഴിയാതെയും വരുന്നുണ്ട്. ഐ.കെ.എം. ചെലവ് സ്റ്റേറ്റ് മെന്റ് പ്രകാരം മേൽ പദ്ധതികൾക്കായി ആകെ 75111876/- രൂപ വകയിരുത്തിയതിൽ 32642089/- രൂപയെ തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. (വകയിരുത്തിയ തുകയുടെ 50.24% മാത്രം) വിവിധ ഫണ്ടുകളിൽ നിന്നും വകയിരുത്തിയ തുകയുടെയും വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ട് ഇനം | വകയിരുത്തിയത് | ചെലവഴിച്ചത് | ചെലവഴിക്കാൻ കഴിയാത്തത് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 12335500 | 8935507 | 3399993 | 72.43 |
| എസ്.സി.പി | 800000 | 0 | 800000 | 0 |

| | | | | |
|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 28305233 | 13654606 | 14650627 | 48.24 |
| ലോകബാങ്ക് ധനസഹായം | 5874095 | 2448220 | 3425875 | 41.67 |
| തനത് ഫണ്ട് | 8074626 | 0 | 8074626 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 13587480 | 8241249 | 5346231 | 60.65 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 5484942 | 2382541 | 3102401 | 43.43 |

പൊതുമരാമത്ത് പദ്ധതികൾക്കായി വകയിരുത്തിയ വികസനഫണ്ട് പൊതുവിഭാഗത്തിൽ വിനിയോഗിക്കാൻ കഴിയാത്ത ഇനത്തിൽ 3399993/- രൂപയും എസ്.സി.പി ഇനത്തിൽ 800000/- രൂപയും ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 14650627/- രൂപയും മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ 5346231/- രൂപയും മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് ഇനത്തിൽ 3102401/- രൂപയും തൻവർഷം ചെലവഴിക്കാൻ കഴിയാതെ നഷ്ടപ്പെട്ടു.

<u>റോഡ് കണക്ടിവിറ്റി മാപ്പിന്റെ അഭാവം - റോഡ് നിർമ്മാണത്തിൽ വ്യക്തമായ ആസൂത്രണമില്ല</u>

പതിമൂന്നാം പഞ്ചവത്സര പദ്ധതി ആദ്യവാർഷിക പദ്ധതി(2017-18)മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം. 72/2017/ തസ്വഭവ, 29.03.17 ഖണ്ഡിക 12.10.1 പ്രകാരം, ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതുണ്ട്. എന്നാൽ നഗരസഭ ഇപ്രകാരം റോഡ് കണക്ടിവിറ്റി ഭൂപടമോ, പദ്ധതിയോ തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി പ്ലാനിന്റെ അഭാവത്തിൽ ഫണ്ട് വാർഡ് തലത്തിൽ വീതം വച്ച് പോകുകയും കണക്ടിവിറ്റി ഇല്ലാത്ത റോഡ് വികസനം പാഴ്ച്ചെലവായി മാറുകയും ചെയ്യും എന്നതിനാൽ, നഗരസഭയെ ഒരു ഏകീകൃത യൂണിറ്റായി കണക്കാക്കിക്കൊണ്ട് സർക്കാർ നിർദ്ദേശ പ്രകാരമുള്ള റോഡ് കണക്ടിവിറ്റി മാപ്പും റോഡുകളുടെ പട്ടികയും അടിയന്തരമായി തയ്യാറാക്കേണ്ടതാണ്.

<u>റീടെണ്ടർ നടപടികൾ - സുതാര്യതയില്ല</u>

പ്രോജക്ടുകളിലുൾപ്പെട്ട പ്രവർത്തികൾക്കായി റീടെണ്ടർ ചെയ്യുമ്പോൾ, ആദ്യ ടെണ്ടറിൽ ലഭിച്ചതിലും ഉയർന്ന തുകയ്ക്കുള്ള ടെണ്ടർ (അല്ലെങ്കിൽ എസ്റ്റിമേറ്റ് നിരക്ക്) അംഗീകരിക്കുന്നതിലൂടെ നഷ്ടമുണ്ടാകുന്നതായി ആവർത്തിച്ച് കാണുന്നുണ്ട്.
ഉദാ- അങ്കണവാടി പുറംമതിൽ നിർമ്മാണം,ഇന്റർലോക്ക് ടൈൽ വിരിക്കൽ (പ്രോ നം. 209/17) എന്ന പ്രവൃത്തിയ്ക്ക് രണ്ട് ടെണ്ടറുകളാണ് ലഭിച്ചത്. ഒരെണ്ണം എസ്റ്റിമേറ്റ് തുകയുടെ 11.7% കുറവിലും ഒരെണ്ണം നിരക്ക് ക്വാട്ട് ചെയ്യാതെയുമാണ് ലഭിച്ചത്. ലഭിച്ച രണ്ട് ടെണ്ടറുകളിൽ നിരക്ക് ക്വാട്ട് ചെയ്യാതെ ഒരു ടെണ്ടർ ലഭിച്ചതിനാൽ ഇത് സിംഗിൾ ടെണ്ടറായി പരിഗണിക്കപ്പെട്ടു. പിന്നീട് റീടെണ്ടർ ചെയ്തപ്പോൾ എക ടെണ്ടർ ലഭിക്കുകയും ആദ്യ ടെണ്ടറിൽ നിരക്ക് ക്വാട്ട് ചെയ്യാതിരുന്ന കരാറുകാരന് തന്നെ വർക്ക് ലഭിക്കുകയും ചെയ്തു. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ആദ്യ ബിഡറെ റീടെണ്ടർ വിവരം രേഖാമൂലം അറിയിച്ചതായി കാണുന്നില്ല. ജി.ഒ (പി)324/15/ധന,30.07.15 പ്രകാരമുള്ള സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് ടെണ്ടർ നടപടികളിലെ സുതാര്യത ഉറപ്പാക്കപ്പെടേണ്ടതാണ്.

<u>ആസ്തി വിവരങ്ങൾ- കണക്കുകൾ കാലികമാക്കിയിട്ടില്ല, അടിസ്ഥാനസൗകര്യ വികസനത്തിന് ഊന്നൽ നല്കുന്നില്ല</u>

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ലെന്ന് കാണുന്നു. 2017-18വർഷം പുതുതായി വന്നിട്ടുള്ള ആസ്തികൾ യാതൊന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതിപ്പണം അടിസ്ഥാന സൗകര്യ വികസനത്തിന് ഉതകുന്ന വിധത്തിലുള്ള ആസ്തി രൂപീകരണത്തിലേക്ക് ഉപയോഗപ്പെടുത്തുന്നതിനും ആസ്തിവിവരങ്ങൾ കാലികമാക്കുന്നതിനും, കൂടുതൽ ഊന്നൽ നല്കേണ്ടതാണ്.

<u>പ്രോജക്ട് ഫയലുകളിലെ പൊതു അപാകതകൾ.</u>

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകളിൽ കാണുന്ന പൊതുവായ ചില അപാകതകൾ ചുവടെ ചേർക്കുന്നു. ഇപ്രകാരമുള്ള അപാകതകൾ പ്രോജക്ടുകളുടെ സുതാര്യതയെയും ഫലപ്രാപ്തിയെയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ടി ന്യൂനതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

**പ്രോജക്ട് ഫയലിൽ പ്രവർത്തന കലണ്ടർ ഉൾപ്പെടുത്തുന്നില്ല.**

പ്രവൃത്തികൾ ഏത് തീയതിക്കകം തീർപ്പാക്കണം എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ കരാർ രജിസ്റ്ററിലും Date of completion രേഖപ്പെടുത്തുന്നില്ല. നിലവിൽ വർക്ക് ഓർഡറിൽ മാത്രമാണ് പ്രവൃത്തി നിശ്ചിത തീയതിയ്ക്കകം പൂർത്തിയാക്കണമെന്ന് നിർദ്ദേശിക്കുന്നത്. ചില പ്രോജക്ട് ഫയലുകളിൽ എസ്റ്റിമേറ്റിനോടനുബന്ധമായിട്ടുള്ള പ്രൈസ് സോഫ്റ്റ്‌വെയറിൽ നിന്നുള്ള പത്രികയിലെ കരാർ പൂർത്തീകരണ കാലയളവും വർക്ക് ഓർഡറിലെ Date of completion നും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടാകുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

**പ്രോജക്ട് ഫയലിലും കരാർ പത്രങ്ങളിലും ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തപ്പെടുന്നില്ല.**

പ്രവൃത്തി ഭരമേൽപ്പിക്കുമ്പോൾ ജാമ്യ നിക്ഷേപത്തുകയുടെ വിവരം ചേർക്കുന്നില്ല. എപ്രകാരമാണ് തുക ജാമ്യം വച്ചിട്ടുള്ളതെന്നോ എത്ര തുകയാണ് ഉള്ളതെന്നോ ഫയലിൽ രേഖപ്പെടുത്താതെ വരുന്നു. സാധാരണയായി, ഫയലുകളിൽ രേഖപ്പെടുത്തൽ വരുത്തുന്നില്ലെങ്കിലും രജിസ്റ്ററുകളിൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്. പ്രോജക്ടുകൾക്കൊപ്പമുള്ള കരാർ പത്രങ്ങളിൽ കരാർ മാതൃകയിലുള്ള പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ടുമായ ഭാഗം കാലഹരണപ്പെട്ടതാണെന്നും കാണുന്നു. ആയത് 2012-ലെ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായി കാലികമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-3 തെരുവ് വിളക്ക് പരിപാലനം – പദ്ധതി നടത്തിപ്പിലെ പോരായ്മകൾ സംബന്ധിച്ച്.

1) <u>സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.</u>

തെരുവ് വിളക്കുകൾക്ക് ആവശ്യമായ ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി നടപ്പാക്കിയ "നഗരസഭയിലേയ്ക്ക് ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ (പ്രോജക്ട് നം 147/2018)" പദ്ധതി പ്രകാരം ഇലക്ട്രിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്തതിന് സി.സി.സി സൂപ്പർമാർക്കറ്റ്, തുറവൂർ എന്ന സ്ഥാപനത്തിന് 9,52,123/- രൂപ (ബിൽ നം - 01/26.7.2017) നൽകിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, പ്രോജക്ട് പ്രകാരം വാങ്ങുന്ന തെരുവ് വിളക്ക് ഉപകരണങ്ങളുടെ കൃത്യമായ വിതരണ വിവരം യഥാസമയം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ അവസാനമായി രേഖപ്പെടുത്തൽ നടത്തിയിരിക്കുന്നത് 11.4.2018-ൽ ആണ്. മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ ചില ഉപകരണങ്ങളുടെ പ്രസ്തുത തീയതിയിലെ വിതരണ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | എണ്ണം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള വിതരണ വിവരം |
|---|---|---|
| 25W എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സെറ്റ് | 239 | വിതരണ വിവരം രേഖപ്പെടുത്തിയിട്ടില്ല. നീക്കിയിരുപ്പ് 239 എണ്ണം. |
| 45W സി.എഫ്.എൽ | 200 | കെ.എസ്.ഇ.ബി ഈസ്റ്റ്, വെസ്റ്റ് സെക്ഷനുകളിലെ ഉപയോഗത്തിനായി 100 എണ്ണം വീതം നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 11W സി.എഫ്.എൽ പിൻ | 730 | മുന്നിരിപ്പ് ഉൾപ്പെടെയുള്ള 1300 എണ്ണത്തിൽ 515 എണ്ണം വീതം കെ.എസ്.ഇ.ബി ഈസ്റ്റ്, വെസ്റ്റ് സെക്ഷനുകളിലെ ഉപയോഗത്തിനായി നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. നീക്കിയിരുപ്പ് എണ്ണം 270. |
| 40W ഫ്ലൂറസെന്റ് ട്യൂബ് ലൈറ്റ് | 100 | മുന്നിരിപ്പ് ഉൾപ്പെടെയുള്ള 103 എണ്ണത്തിൽ 29 എണ്ണം ഓഫീസ് ഉപയോഗത്തിന് നൽകിയതായി |

| | | |
|---|---|---|
| | | രേഖപ്പെടുത്തിയിരിക്കുന്നു.<br>നീക്കിയിരുപ്പ് എണ്ണം 74. |

11.4.2018ന് ശേഷമുള്ള വിതരണ വിവരം സ്റ്റോക്കിൽ രേഖപ്പെടുത്താത്തതിനാൽ മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള ഉപകരണങ്ങളുടെ നിലവിലെ കണക്ക് എത്രയാണെന്ന് സ്റ്റോക്കിന്റെ മേൽനോട്ട ചുമതലയുള്ള ഓവർസീയർക്ക് യാതൊരുവിധ ധാരണയുമില്ല. വയർമാൻ ലൈസൻസുള്ള കണ്ടിജന്റ് ജീവനക്കാരനെയാണ് തെരുവ് വിളക്ക് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിയ്ക്കായി നിയോഗിച്ചിട്ടുള്ളത്. ടിയാൻ ഓരോ വിവിധ വാർഡുകളിലെ തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട വർക്ക് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഓരോ തവണയും കൈപ്പറ്റുന്ന ഉപകരണങ്ങളുടെ വിവരം കൃത്യമായി സ്റ്റോക്കിൽ നിന്നും കുറവ് ചെയ്യുന്നില്ല. ടിയാൻ കൈപ്പറ്റുന്ന ഉപകരണങ്ങൾ യഥാസമയം സ്റ്റോക്കിൽ രേഖപ്പെടുത്തേണ്ടതും ഇവയുടെ കൃത്യമായ വിനിയോഗ വിവരം വാർഡ് കൗൺസിലിർമാർ, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും ശേഖരിച്ച് സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണ്. കെ.എസ്.ഇ.ബി ഈസ്റ്റ്, വെസ്റ്റ് സെക്ഷനുകളിലെ ഉപയോഗത്തിനായി കൈമാറിയതായി സ്റ്റോക്ക് രജിസ്റ്ററിൽ കാണിച്ചിട്ടുള്ള ഉപകരണങ്ങളുടെ വിനിയോഗ വിവരം ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും വാങ്ങി പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനും സ്റ്റോക്കിൽ ശേഷിക്കുന്നവ ഭൗതിക പരിശോധനയ്ക്കായി ഹാജരാക്കുവാനും ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മാസങ്ങളോളം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ നടത്താതിരുന്നത് ന്യായീകരിക്കാവുന്നതല്ല. തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി പ്രോജക്ടുകൾ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ കൃത്യമായി സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് നഗരസഭാ കൗൺസിലിന്റേയും സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

**2) <u>തെരുവ് വിളക്ക് മീറ്റർ പ്രവർത്തനരഹിതം.</u>**

തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ, കെ.എസ്.ഇ.ബി വെസ്റ്റ് സെക്ഷന് കീഴിലുള്ള തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് ഒടുക്കുന്നതിന് 38 കൺസ്യൂമർ നമ്പറുകളും ഈസ്റ്റ് സെക്ഷന് കീഴിലുള്ളതിന് 13 കൺസ്യൂമർ നമ്പറുകളും നിലവിലുണ്ട്. മീറ്ററിംഗ് സംവിധാനം ഉപയോഗിച്ചാണ് തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് കണക്കാക്കുന്നത്. ഭൂരിഭാഗം തെരുവ് വിളക്കുകളുടേയും മീറ്റർ പ്രവർത്തന രഹിതമായതിനാൽ ശരാശരി നിരക്കിൽ വൈദ്യുതി ചാർജ് ഈടാക്കുന്നതായാണ് ബില്ല് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. തന്മൂലം എൽ.ഇ.ഡി ലൈറ്റുകൾ വ്യാപകമാക്കി വൈദ്യുതി ചാർജ് കുറയ്ക്കുന്നതിനായി നഗരസഭ ഓരോ വർഷവും നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ലക്ഷ്യം കാണുന്നില്ല. കെ.എസ്.ഇ.ബി അധികൃതരുമായി കൂടിയാലോചന നടത്തി പ്രവർത്തന രഹിതമായിട്ടുള്ള മീറ്ററുകൾ ശരിയാക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതാണ്.

# 3-4 പൊതുടാപ്പുകളുടെ വെള്ളക്കരം - നഗരസഭയ്ക്ക് വൻബാധ്യത

ഫയൽ നം. – PW1-132/85

30.09.2017-ൽ വാട്ടർ അതോറിറ്റിയും നഗരസഭയും ചേർന്ന് നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ട് പ്രകാരം നഗരസഭയുടെ 35 വാർഡുകളിലായി ആകെ 522 ടാപ്പുകളാണുള്ളത്. സംയുക്തപരിശോധനാറിപ്പോർട്ടിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടേയും പ്രവർത്തനരഹിതമായ ടാപ്പുകളുടേയും എണ്ണം ഇനം തിരിച്ച് കാണിച്ചിട്ടില്ല. 10/2014 മുതൽ പ്രതിവർഷം ഒരു ടാപ്പിന് 7884/- രൂപ പ്രകാരമാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തുവരുന്നത്. 04/2017 മുതൽ 336384/- രൂപയും 11/2017 മുതൽ 342954/- രൂപയുമാണ് പ്രതിമാസം നഗരസഭയുടെ ബാധ്യത. എന്നാൽ നഗരസഭ വർഷങ്ങളായി വെള്ളക്കരം അടയ്ക്കാത്തതുമൂലം കുടിശ്ശിക വർദ്ധിച്ചുവരുകയാണ്. 2018 മാർച്ച് മാസം വരെ നഗരസഭയ്ക്ക് വെള്ളക്കരമിനത്തിൽ 56734733/- രൂപയുടെ ബാധ്യതയുണ്ട്. കുടിശ്ശിക യഥാസമയം

അടയ്ക്കാത്തതിനാൽ 2% പിഴ അടയ്ക്കേണ്ടിവരുമെന്നുള്ളത് വൻബാധ്യതയാണ് നഗരസഭയ്ക്ക് ഉണ്ടാക്കുന്നത്. നഗരസഭ വർഷങ്ങളായി വെള്ളക്കരം അടയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനും കുടിശ്ശിക തീർപ്പാക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/29.01.2019) മറുപടി ലഭ്യമാക്കിയില്ല. എന്നാൽ 2018-19 വർഷത്തെ ജനറൽ പർപ്പസ് ഫണ്ട് 9,10,11 ഗഡുക്കളിൽ നിന്നും വെള്ളക്കര കുടിശ്ശിക യഥാക്രമം 1050032/-, 473741/-, 473741/- രൂപ വീതം കുറവുചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. കുടിശ്ശിക തീർപ്പാക്കുന്നതിനായി 04.01.2016-ൽ തദ്ദേശസ്വയംഭരണ വകുപ്പ് ഗവ. സെക്രട്ടറിക്ക് കത്തെഴുതിയതിനുശേഷം പിന്നീട് നഗരസഭ കാര്യമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 ഫെസ്റ്റിവൽ അഡ്വാൻസ് - തുക തിരിച്ചടച്ചില്ല

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 2017-18 വർഷം വൗച്ചർ നം. 81-08/17 ചെക്ക് നം. 867658/ 30.08.2017 പ്രകാരം 385000/- രൂപ തനതുഫണ്ടിൽ നിന്നും പിൻവലിച്ച് ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. 2017-18 വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 271780/- രൂപ നഗരസഭയ്ക്ക് തിരികെ ലഭിക്കാനുണ്ട്. തുക തിരികെ അടയ്ക്കുവാനുള്ള ജീവനക്കാരുടെ വിവരങ്ങളും തുക സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/28.01.2019) 2017-18 വർഷം രണ്ടു ജീവനക്കാരിൽ നിന്നും മാത്രമാണ് അഡ്വാൻസ് തുക തിരികെ ഈടാക്കുവാനുള്ളതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | ഈടാക്കുവാനുള്ള തുക | ജീവനക്കാരൻ ഇപ്പോൾ ജോലി ചെയ്യുന്ന നഗരസഭ |
|---|---|---|
| ശ്രീ. കെ. എം. രാംപ്രസാദ്, റെവന്യൂ ഇൻസ്പെക്ടർ | 15000 | കൊച്ചി നഗരസഭ |
| ശ്രീ. സ്റ്റീഫൻ റിബല്ലോ, ക്ലർക്ക് | 10000 | സുൽത്താൻ ബത്തേരി നഗരസഭ |

തുക പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മുൻവർഷങ്ങളിൽ ക്രമീകരിക്കാത്ത തുകകളുടെ വിവരങ്ങൾ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ലെഡ്ജർ പ്രകാരം 338280/- രൂപയാണ് ഓപ്പണിംഗ് ബാലൻസ് കാണിച്ചിട്ടുള്ളത്. അഡ്വാൻസ് രജിസ്റ്ററിൽ ജീവനക്കാർക്ക് നൽകിയ ഫെസ്റ്റിവൽ അഡ്വാൻസ് തുകകളുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കാത്തതിനാൽ മുൻവർഷങ്ങളിലേതുൾപ്പെടെ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ പരിശോധിയ്ക്കാൻ കഴിഞ്ഞിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം മുൻവർഷങ്ങളിൽ ലഭിക്കുവാനുള്ള തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-6 കേരളോത്സവം - ഗ്രാന്റ് തുക കൈപ്പറ്റിയില്ല.

**ഫയൽ നം. – PH3-11206/17**

2017-18 വർഷത്തെ കേരളോത്സവം നടത്തിപ്പിനായി 40000/- രൂപ (വൗച്ചർ നം. 63-10/17, ചെക്ക് നം. 981824/25.10.17) മുൻകൂറായി ശ്രീ. അജിത്. എം. യു., ക്ലർക്കിന് നൽകിയിരുന്നു. 2017 ഒക്ടോബർ 28, 29 തീയതികളിൽ കേരളോത്സവം നടത്തുന്നതിനായി ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതായി ഫയലിൽ കാണുന്നു. ഇത്

സംബന്ധിച്ച ചെലവ് രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മുൻകൂർ ഇതുവരെ ക്രമീകരിച്ചിട്ടില്ല. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ 23.01.2018 ലെ കത്ത് പ്രകാരം കേരളോത്സവം നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യുവജനക്ഷേമ ബോർഡിൽ നിന്നുള്ള ഗ്രാന്റ് അനുവദിക്കുന്നതിന് നഗരസഭയുടെ അക്കൗണ്ട് നമ്പർ സംബന്ധിച്ച വിശദാംശം ആവശ്യപ്പെട്ടതനുസരിച്ച് വിവരങ്ങൾ അയച്ചുകൊടുത്തിട്ടുണ്ട്. യുവജനക്ഷേമ ബോർഡിന്റെ 15.04.2018-ലെ നം. 163/ജി.യു.കേ- ആലപ്പുഴ/2017 പ്രകാരം കേരളോത്സവം നടത്തിപ്പിന്റെ ഫണ്ട് കൈപ്പറ്റുവാൻ ആവശ്യപ്പെട്ടെങ്കിലും ഇത് പ്രകാരം തുക കൈപ്പറ്റിയതായി കാണുന്നില്ല. 04.10.2011 – ലെ ജി.ഒ.(പി) 419/2011/ധനം നമ്പർ ഉത്തരവ് പ്രകാരം അഡ്വാൻസുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. കേരളോത്സവം നടത്തിപ്പിനായി, തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാനും യുവജനക്ഷേമ ബോർഡിൽ നിന്നും തുക കൈപ്പറ്റാത്തതിന്റെ കാരണവും മുൻകൂർ ക്രമീകരിക്കാത്തതിന്റെ കാരണവും അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/28.01.2019) മറുപടി ലഭ്യമാക്കിയില്ല. മേൽ കാരണങ്ങളാൽ 40000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഉചിത നടപടികൾക്കായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

# 3-7 8-ാം വാർഡിലെ അംഗൻവാടിക്ക് സ്ഥലം അനുവദിക്കൽ - മുൻകൂർ ക്രമീകരിച്ചില്ല

ഫയൽ നം. – PW1-3640/17

8-ാം വാർഡിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 29-ാം നമ്പർ അംഗൻവാടിക്ക് സൗജന്യമായി ലഭിക്കുന്ന 3സെന്റ് സ്ഥലം രജിസ്റ്റർ ചെയ്യുന്നതിനായി 28000/- രൂപ (വൗച്ചർ നം. 17-09/17, ചെക്ക് നം. 981767/07.09.2017) ശ്രീ.രോഷ്നകുമാർ ഓവർസീയർക്ക് നൽകിയിട്ടുണ്ട്. മൂന്ന് സെന്റ് സ്ഥലം സെക്രട്ടറിയുടെ പേരിൽ കൂട്ടി കരം അടച്ചിട്ടുണ്ട്. ഫയൽ പ്രകാരം സ്ഥലം രജിസ്റ്റർ ചെയ്തതിന്റെ ആകെ ചെലവ് 23198/- രൂപയാണ്. ശേഷിക്കുന്ന 4802/- രൂപ അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/28.01.2019) മറുപടി ലഭ്യമാക്കിയില്ല. 04.10.2011 – ലെ ജി.ഒ.(പി) 419/2011/ധനം നമ്പർ ഉത്തരവ് പ്രകാരം അഡ്വാൻസുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. ജീവനക്കാരൻ ഇതുവരെ അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ല. എന്നാൽ 23198 രൂപയുടെ ചെലവ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ചെലവഴിക്കാത്ത തുക 4802 രൂപ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

# 3-8 പലിശ അടവാക്കിയത് ജീവനക്കാരനിൽ നിന്നും ഈടാക്കിയില്ല

നഗരസഭയിലെ ക്ലർക്കായ ശ്രീ. വിവേക്. കെ. വിക്രം ഡെസ്പാച്ച് ക്ലർക്കായി സേവനമനുഷ്ഠിച്ചിരുന്ന സമയത്ത് , ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ച 3/2017-ലെ പി.എഫ് തുകയായ 258607/- രൂപയുടെ ഡി.ഡി. നഗരകാര്യ ഡയറക്ടറേറ്റിലേക്ക് അയയ്ക്കാതിരുന്നതിനാലും മറ്റ് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനാലും നഗരസഭാ സെക്രട്ടറിയുടെ 02.07.2018-ലെ ജി1-1582/2018 ഉത്തരവ് പ്രകാരം അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. പി.എഫ് തുക ഡി.ഡി ആക്കിയപ്പോൾ എസ്.ബി.ഐ അക്കൗണ്ടിൽ നിന്നും തുക കുറവ് ചെയ്തെങ്കിലും 22.5.18, 23.05.18 തീയതികളിലായി തുക അക്കൗണ്ടിൽ തിരികെ ലഭിച്ചിട്ടുണ്ട്. 11.04.2017-ലെ 00974832 നം. പ്രകാരമുള്ള 258607/- രൂപയുടെ ഡിഡി നഗരകാര്യഡയറക്ടറേറ്റിൽ ലഭിക്കാത്ത സാഹചര്യത്തിൽ പലിശയിനത്തിൽ 20869/- രൂപ സഹിതം 279296/- രൂപ 01.03.2018-ലെ 270681 നമ്പർ ചെക്ക് പ്രകാരം അയച്ചു. പലിശയിനത്തിൽ നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടം

20689/- രൂപ ജീവനക്കാരന്റെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതിന് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട് (18.05.2018-ലെ 6-ാം നമ്പർ തീരുമാനം). ഇത് പ്രകാരം ജീവനക്കാരനിൽ നിന്നും തുക ഈടാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/30.01.2019) തുക ഈടാക്കിയിട്ടില്ലെന്നും ജീവനക്കാരന് നൽകുന്ന ഉപജീവനബത്തയിൽ നിന്നും തുക ഈടാക്കുവാൻ നിർവ്വാഹമില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ജീവനക്കാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലം നഗരസഭയ്ക്കുണ്ടായ നഷ്ടം അംഗീകരിക്കാവുന്നതല്ല. സസ്പെൻഷൻ ക്രമപ്പെടുത്തുന്ന മുറയ്ക്ക് നഗരസഭാഫണ്ടിനുണ്ടായ നഷ്ടം ജീവനക്കാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ – പദ്ധതി യാഥാർത്ഥ്യമായില്ല.

അജൈവ മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനായി നഗരസഭ 2017-18 വർഷം ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതിയാണ് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ (പ്രോജക്ട് നം 242/2018). മാലിന്യ സംസ്കരണത്തിനായി കെട്ടിട നിർമ്മാണം, പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ വാങ്ങൽ എന്നിവയാണ് പ്രോജക്ട് പ്രകാരം നടപ്പാക്കുവാൻ ലക്ഷ്യമിട്ടിരുന്നത്. ഇതിനായി 20 ലക്ഷം രൂപ അടങ്കലിൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് -- 5ലക്ഷം, സംസ്ഥാനാവിഷ്കൃത ഫണ്ട് – 15ലക്ഷം) പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയുണ്ടായി. ഫയൽ പരിശോധിച്ചതിൽ, ക്ലീൻ കേരള കമ്പനിയിൽ നിന്നും പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ വാങ്ങുന്നതിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 2,07,749/- രൂപ (ബിൽ നം. 11/23.03.2018) മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ഇത് പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീന്റെ വിലയുടെ (5,19,372/- രൂപ) 40% അഡ്വാൻസ് തുകയാണ്. മെഷീൻ ലഭിച്ചിട്ടുണ്ടെങ്കിലും ഇൻസ്റ്റാൾ ചെയ്യാത്തതിനാൽ ശേഷിക്കുന്ന തുക ക്ലീൻ കേരളയ്ക്ക് ഇതുവരെ നൽകിയിട്ടില്ല. നഗരസഭയുടെ 20-ാം വാർഡിലെ മിനി മാർക്കറ്റിന് സമീപം മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് ഇരുമ്പ് പാലത്തിന് സമീപമുള്ള നഗരസഭ വക ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നു മുതൽ നാലുവരെയുള്ള മുറികൾ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിന്റെ പ്രവർത്തനത്തിനായി തെരഞ്ഞെടുത്തുവെങ്കിലും ഇതുവരെ പ്രവർത്തനം തുടങ്ങിയിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സിലെ വയറിംഗ് സിംഗിൾ ഫേസ് കണക്ഷനായതിനാലാണ് പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്തതെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കുന്നതിന് 2.20,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റ് തുക കൂടുതലായതിനാൽ ഇതിന് നഗരസഭാ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാലാണ് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ പ്രവർത്തനം തുടങ്ങുന്നതിന് കാലതാമസം നേരിടുന്നതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. ക്ലീൻ കേരള കമ്പനിയും നഗരസഭയും തമ്മിൽ 22.3.2018-ൽ ഒപ്പുവെച്ച കരാർ അനുസരിച്ച് ഇൻവോയ്സ് തീയതി മുതൽ ഒരു വർഷം വരെയാണ് പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീന്റെ വാറന്റി കാലാവധി. വാറന്റി കാലാവധി തീരാറായിട്ടും മെഷീൻ സ്ഥാപിക്കുവാൻ കഴിയാത്തത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചമൂലമാണ്. അടിയന്തരമായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ യാഥാർത്ഥ്യമാക്കുന്നതിന് കർശന നടപടി സ്വീകരിക്കേണ്ടതാണ്. ക്ലീൻ കേരളയിൽ നിന്നും വാങ്ങിയ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാത്തതിനാൽ ഇതിനായി ചെലവഴിച്ച 2,07,749/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 സാനിട്ടറി ലാൻഡ് ഫില്ലിംഗ് – പദ്ധതി നടത്തിപ്പിൽ സുതാര്യതയില്ല.

മുനിസിപ്പാലിറ്റിയിലെ പൊതുമാർക്കറ്റ് ഉൾപ്പെടെയുള്ള വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ റെയിൽവേ സ്റ്റേഷന് സമീപമുള്ള പുറമ്പോക്ക് ഭൂമിയിൽ സംസ്കരിച്ച് അതിന് മുകളിൽ ഗ്രാവൽ വിരിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണ് സാനിട്ടറി ലാൻഡ് ഫില്ലിംഗ് (പ്രോജക്ട് നം 74/2018). 2017-18 വർഷം പ്രസ്തുത പദ്ധതിക്കായി 4.12.2017ൽ ടെണ്ടർ ക്ഷണിച്ചെങ്കിലും ആരുംതന്നെ പങ്കെടുക്കാതിരുന്നതിനാൽ

21.12.2017ൽ റീടെണ്ടർ ചെയ്യുകയും ഏക ടെണ്ടർ സമർപ്പിച്ച ശ്രീ. ധനേഷ് കുമാറിന് ഗ്രാവൽ വിതരണം ചെയ്യുന്നതിന് വർക്ക് ഓർഡർ നൽകുകയും 20.3.2018ൽ ടിയാനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം 290.5 ക്യൂബിക് മീറ്റർ ഗ്രാവൽ വിതരണം ചെയ്തതിന് ഒരു ക്യൂബിക് മീറ്ററിന് 1025/- രൂപ നിരക്കിൽ 2,91,763/- രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽനം 12/26.3.2018).

പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി 2018-19 വർഷം ശേഖരിക്കുവാൻ സാധ്യതയുള്ള ജൈവ മാലിന്യത്തിന്റേയും ആവശ്യമായ ഗ്രാവലിന്റേയും ഏകദേശ അളവ് തിട്ടപ്പെടുത്തിയിട്ടില്ല. 2013-14 വർഷം മാത്രമാണ് ഇത്തരമൊരു വിവരശേഖരണം നടത്തിയതായി ഫയലിൽ കാണുന്നത്. മുൻവർഷത്തെ മിച്ചമുണ്ടായിരുന്ന 82.8 ക്യൂബിക് മീറ്റർ ഗ്രാവൽ ഉൾപ്പെടെ 373.3 ക്യൂബിക് മീറ്റർ ഗ്രാവൽ 24.3.2018ൽ സ്റ്റാക്ക് ചെയ്തിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ സ്റ്റാക്ക് ചെയ്ത ഗ്രാവലിന്റെ ക്രമാനുഗതമായ വിനിയോഗ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഹെൽത്ത് സെക്ഷനിൽ നിന്നും ഹാജരാക്കിയ മാലിന്യ സംസ്കരണ രജിസ്റ്ററിൽ മുൻവർഷത്തെ ഗ്രാവലിന്റെ വിനിയോഗ വിവരം അവ്യക്തമായി രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. 24.3.2018ൽ സ്റ്റാക്ക് ചെയ്തിട്ടുള്ളതായി പറയുന്ന 373.3 ക്യൂബിക് മീറ്റർ ഗ്രാവലിന്റെ വിനിയോഗ വിവരം കാണിക്കുന്ന രജിസ്റ്റർ കണ്ടെത്തുവാൻ കഴിഞ്ഞില്ലായെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് ഹെൽത്ത് സെക്ഷൻ ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത്. ദൈനംദിനമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന രജിസ്റ്റർ ലഭ്യമല്ലായെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. നാളിതുവരെ ഉപയോഗിച്ചതും മിച്ചമുള്ളതുമായ ഗ്രാവലിന്റെ കണക്ക് ബന്ധപ്പെട്ട സെക്ഷനിൽ ലഭ്യമല്ലായെന്നത് പദ്ധതി നടത്തിപ്പിലെ സുതാര്യതയില്ലായ്മയാണ് വ്യക്തമാക്കുന്നത്. ആവശ്യമായ ഗ്രാവലിന്റെ അളവ് കണക്കാതിരുന്നതും ഓരോ തവണത്തേയും വിനിയോഗ വിവരം രേഖപ്പെടുത്തി സൂക്ഷിക്കാത്തതും ടി പദ്ധതിയുടെ ആസൂത്രണ, നിർവ്വഹണ ഘട്ടങ്ങളിലെ പോരായ്മയാണ് വെളിവാക്കുന്നത്.

പദ്ധതി പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണെന്ന് പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആരോഗ്യ, ശുചിത്വ മേഖലകളുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ടി പദ്ധതിയുടെ തുടർമോണിറ്ററിംഗ് നടത്തിയിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റിയും, വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി നിർവ്വഹണ ഘട്ടത്തിലും തുടർന്നും കൃത്യമായി അവലോകനം നടത്തി പദ്ധതി പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കേണ്ടതാണ്. ജൈവമാലിന്യ സംസ്കരണത്തിനായി ആലപ്പുഴ നഗരസഭ വിജയകരമായി നടപ്പാക്കിയ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സംവിധാനം നടപ്പാക്കുന്നത് പരിഗണിക്കാവുന്നതാണ്.

# 3-11 സോളിഡ് ബ്ലോക്ക് മേസൺറി പ്രവൃത്തിയ്ക്ക് അധിക നിരക്ക് അനുവദിച്ചു നൽകിയത് അംഗീകരിക്കുന്നില്ല

2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സ്പിൽ ഓവറായി 2017-18 ൽ (24.11.2017) പൂർത്തീകരിച്ച വാർഡ് -28 -ലെ അങ്കണവാടി കെട്ടിട നിർമ്മാണം (പ്രോ. നം. 131/16) എന്ന പ്രോജക്ടിൽ 2014 -ലെ DSR ബാധകമാക്കി കോസ്റ്റ് ഇൻഡക്സ് 1.533% പ്രകാരമാണ് എസ്റ്റിമേറ്റ് തയാറാക്കിയിട്ടുള്ളതെന്ന് ഒറിജിനൽ എസ്റ്റിമേറ്റ് റിപ്പോർട്ടിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത് പ്രകാരം തയാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ 30x20x20 cm.... 1:6 up to floor two level ....സോളിഡ് ബ്ലോക്ക് മേസൺറി പ്രവൃത്തിയ്ക്ക് (എസ്റ്റിമേറ്റ് ഇനം - 11) ക്യൂബിക് മീറ്ററിന് 6847/- രൂപയാണ് അനുവദിച്ച് നൽകിയിരിക്കുന്നത്. അർഹമായ നിരക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| 50.6.1.5 | Solid block masonry using pre cast solid blocks ( Factory made) of size 30x20x20cm or nearest available size confirming to IS 2185 Part I of 1979 for super structure up to floor two level thickness 20cm and above in: CM 1:6 ( 1 cement : 6 coarse sand) etc complete |

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | Details of cost for one cum<br>MATERIALS: | | | | |
| MR2 | Solid blocks of size 30x20x20cm | each | 77.00000 | 36.50 | 2810.50 |
| 3.11 | Rate as per item Number3.11 of SH: Mortars | cum | 0.09000 | 3340.75 | 300.67 |
| 9999 | Sundries- | L.S | 2.73000 | 1.78 | 4.86 |
| 0123 | Mason (brick layer) Ist class | Day | 0.47000 | 435.00 | 204.45 |
| 0124 | Mason (brick layer )2nd class | Day | 0.47000 | 399.00 | 187.53 |
| 0115 | Coolie | Day | 1.80000 | 329.00 | 592.20 |
| 0101 | Bhisti | Day | 0.20000 | 363.00 | 72.60 |
| 9999 | Sundries- | L.S | 22.36000 | 1.78 | 39.80 |
| | TOTAL | | | | 4212.61 |
| | Add Water Charges @ 1% | | | | 42.13 |
| | TOTAL | | | | 4254.74 |
| | Add CPOH @ 15% | | | | 638.21 |
| | Cost of 1.00000 cum | | | | 4892.95 |
| | Cost of 1 cum | | | | 4892.95 |
| | Say | | | | 4892.95 |
| | Cost index **53.33%** | | | | 868.51 |
| | Total with Cost index | | | | 5761.46 |
| | Say | | | | 5761.46 |

എന്നാൽ അർഹമായ നിരക്കായ 5761.46/$m^3$ ന പകരമായി 26.951 $m^3$ ന 6847.88/$m^3$ എന്ന അധിക നിരക്ക് നൽകി 184557/- രൂപ അനുവദിച്ചതായി കാണുന്നു (എം. ബുക്ക് നം. 53/17-18 പേജ് നം. 8) .

അനുവദനീയമായ നിരക്ക് - 26.951 @ 5761.46/എം$^3$ = 155277/-

അധിക നിരക്ക് അനുവദിച്ചതിലൂടെ അധികം നൽകിയ തുക = 184557 – 155277= 29280/- രൂപ

അധിക നിരക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 38/01.02.2019) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കൂടാതെ 2016-17 വർഷത്തെ പ്രോജക്ടായ ടൗൺ എൽ.പി. സ്കൂൾ മെയിന്റനൻസ് 2017-18 വർഷം സ്പിൽ ഓവറായി നടപ്പിലാക്കുകയുണ്ടായി. 2014 DAR പ്രകാരം 1.533% കോസ്റ്റ് ഇൻഡക്സ് പ്രകാരം എസ്റ്റിമേറ്റ് തയാറാക്കിയ പ്രസ്തുത പ്രോജക്ടിൽ ഇതേ ഇനത്തിന് 5761.46/$m^3$ രൂപയാണ് അനുവദിച്ചതെന്നതും പ്രത്യേകം പ്രസ്താവിക്കുന്നു.

അപാകതയുടെ അടിസ്ഥാനത്തിൽ തെറ്റായ നിരക്ക് അനുവദിച്ചതിലൂടെ നൽകിയ അധിക തുക 29280/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

*മറ്റ് വിശദവിവരങ്ങൾ*

കരാറുകാരൻ - കെ.ഡി. വരദകുമാർ

കരാർ നം. - *തീ- 101/ 16-17/* 31.03.2017

ആകെ പ്രവൃത്തി മൂല്യം - 591671/-

ടെണ്ടർ കിഴിവ് 9.1% കിഴിച്ചുള്ള പ്രവൃത്തി മൂല്യം - 537829/-

ബിൽ നം. - 47/12.01.2018

എം. ബുക്ക് നം. - 52/17-18,53/17-18

നികുതികൾ, മറ്റ് കിഴിവുകൾ കിഴിച്ച് കരാറുകാരന് നൽകിയ തുക – 527073/-

# 3-12 യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2017-18 സാമ്പത്തിക വർഷം മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണം നടത്തിയ ചില പ്രോജക്ടുകളിൽ യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും കേരള പൊതു മരാമത്ത് മാന്വലിലെ സെക്ഷൻ 2009.6 അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. മാന്വലിലെ വ്യവസ്ഥ പ്രകാരം ടെണ്ടർ അംഗീകരിച്ച തീയതി മുതൽ 14 ദിവസത്തിനകം കരാറിലേർപ്പെടാനാവശ്യപ്പെട്ട് കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകാനും മേൽ പ്രസ്താവിച്ച 14 ദിവസം കഴിഞ്ഞതിനു ശേഷവും പിന്നീടുള്ള 10 ദിവസത്തിനുള്ളിൽ കരാറിലേർപ്പെട്ടിട്ടില്ലെങ്കിൽ 1% പിഴയോടെ (മിനിമം 1000/- രൂപ; മാക്സിമം 25000/- രൂപ) കരാറുകാരിൽ നിന്നും ഈടാക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം പൊതു മരാമത്ത് മാന്വലിലെ വ്യവസ്ഥ പാലിക്കാതെ പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ടെണ്ടർ അംഗീകരിച്ച തീയതി/ സെലക്ഷൻ നോട്ടീസ് തീയതി | കരാറുകാരൻ/ കരാർ നം./ തീയതി | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | തോട്ടത്തിൽ കവല മരുത്തോർവട്ടം റോഡ് റീടാറിംഗ്-<br>പ്രോ നം. 96/18<br>പ്രവൃത്തി മൂല്യം- 296344/-<br>MB-92/17-18<br>ബിൽ നം. 76/31.03.18 | 19.08.2017/<br>15.09.2017 | വി.എസ്. ശ്രീകുമാർ<br>24/17-18<br>തീ-10.10.2017 | 302361 | 3024/- |
| 2 | വെള്ളോം ഭഗവതി ആനക്കോടം റോഡ് ഇന്റർ ലോക്കിംഗ് വാർഡ്- 15<br>പ്രോ. നം. 121/17<br>പ്രവൃത്തി മൂല്യം- 417105<br>MB-127/16<br>ബിൽ നം. 5/30.06.17 | 25.01.2017/<br>18.02.2017 | സജിമോൻ.പി.എസ്.<br>64/2016-17/<br>13.03.2017 | 417105 | 4171/- |
| 3 | മായപ്രസ് മെറ്റലിംഗ്<br>പ്രോ നം. 218/17<br>പ്രവൃത്തി മൂല്യം- 130685<br>MB-41/17-18<br>ബിൽ നം. 34/10.08.17 | 04.01.2017/<br>11.01.2017 | അരുൺലാൽ. എം.<br>87/16-17/31.03.2017 | 130684 | 1307/- |
| 4 | വാള്ളമ്മക്കാട്ട് റോഡ് മെറ്റലിംഗ്<br>പ്രോ നം. 185/17<br>MB-40/17-18<br>പ്രവൃത്തി മൂല്യം- 202583<br>ബിൽ നം. 35/10.08.17 | 04.01.2017/<br>11.01.2017 | അരുൺലാൽ എം.<br>100/16-17/31.03.2017 | 205516 | 2055/- |
| 5 | കുരിത്തോട് തെക്കോട്ട് കാന സ്ലാബിട്ട് സഞ്ചാരയോഗ്യമാക്കൽ<br>പ്രോ നം. 120/17<br>MB-21/17-18<br>പ്രവൃത്തി മൂല്യം- 385193 | 02.02.2017/<br>16.02.2017 | രാജേഷ് സി.<br>86/16-17/31.03.2017 | 398492 | 3985/- |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം. 18/25.07.17 | | | | |
| 6 | ഇറച്ചിക്കട റോഡ് മെറ്റലിംഗ് ടാറിംഗ് വാർഡ്-3<br>പ്രോ നം. 171/17<br>MB-10/17-18<br>പ്രവൃത്തിമൂല്യം- 396100<br>ബിൽ നം. 44/20.10.17 | 04.01.2017/<br>10.01.2017 | വരദകുമാർ കെ.ഡി.<br>93/2016-17/31.03.2017 | 398499 | 3985/- |
| 7 | യൂണിസെഫ് റോഡ് കോൺക്രീറ്റിംഗ് വാർഡ് -32<br>പ്രോ നം. 186/17<br>MB-15/17-18<br>പ്രവൃത്തിമൂല്യം- 205724<br>ബിൽ നം. 42/23.09.17 | 04.01.2017/<br>11.01.2017 | ശിവദാസ് കെ.ആർ<br>47/16-17/14.02.2017 | 208320 | 2083/- |
| 8 | പേരയിൽത്തോട് വടക്കേച്ചിറ നടവഴി കോൺക്രീറ്റിംഗ്-വാർഡ് 2<br>പ്രോ നം. 80/18<br>MB-58/17-18<br>പ്രവൃത്തിമൂല്യം- 162468<br>ബിൽ നം. 50/22.02.18 | 19.08.2017/<br>15.09.2017 | കെ.ഡി. വരദകുമാർ<br>28/17-18/ 13.10.2017 | 171767 | 1718/- |
| 9 | ആറാശ്ശേരി കാർട്ടൺ കമ്പനി ബാക്കിഭാഗം ടാറിംഗ് വാർഡ്-20<br>പ്രോ നം. 110/18<br>MB-78/17-18<br>പ്രവൃത്തിമൂല്യം- 148039<br>ബിൽ നം. 70/24.03.18 | 28.11.2017/<br>04.12.2017 | കെ.ബൈജു<br>76/17-18/06.01.2018 | 148039 | 1480/- |
| | | | | **ആകെ** | **23808/-രൂപ** |

യഥാസമയം കരാറിലേർപ്പെടാതിരുന്ന പ്രസ്തുത കരാറുകാരിൽ നിന്നും മാന്വലിലെ വ്യവസ്ഥ പ്രകാരം പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.37/01.02.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക കരാറുകാരിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാറുകാരുമായി അതത് കാലയളവിൽ കരാർപത്രം ചമച്ച മുനിസിപ്പൽ എഞ്ചിനിയർമാരുടെ ബാധ്യതയായി നിജപ്പെടുത്തുന്നതായിരിക്കും.

## 3-13 പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് ക്രമപ്രകാരം പിഴ ഈടാക്കിയില്ല

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 ലെ വ്യവസ്ഥകൾക്കനുസൃതമായി നിശ്ചിത ശതമാനം പിഴ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) നഷ്ട പരിഹാരം ഈടാക്കേണ്ടതുമാണ്.( Liquidated damage)

എന്നാൽ നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ ഇപ്രകാരം കരാറുകാരൻ/കൺവീനർ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർ പ്പിക്കുകയോ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാർനം, കരാറുകാരൻ , എം.ബുക്ക് നം, പി.എ.സി. | കരാർ കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | 17/2017-18/16.09.2017<br>കെ. ബൈജു<br>94/17-18<br>(408020/-)<br>പ്രോ.നം. 115/18<br>(മേവല്ലൂർ ദ്രശ്യാറോഡ് മെറ്റലിംഗ് ടാറിംഗ് വാർഡ് 22)<br>പ്രവൃത്തിമൂല്യം-407294/-<br>രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>CC 1st & Final Bill<br>(ബിൽ നം. 78/17-18/ 28.03.2018-407294/-) | 3 മാസം.<br>(16.12.2017) | 13.03.2018 | 4080/-<br>(1%) | 12240/-<br>(3%) |
| 2 | 15/2017-18/16.09.2017<br>കെ. ബൈജു | 3 മാസം.<br>(18.12.2017) | 19.03.2018 | 4981/- | 12363/- |

| | | | | | |
|---|---|---|---|---|---|
| | (99/17-18)<br>(412114/-രൂ.)<br>പ്രോ.നം. 117/18(കടങ്ങന്നാട്ട് സെക്കന്റ് മെറ്റലിംഗ് &ടാറിംഗ് വാർഡ് 23) പ്രവൃത്തിമൂല്യം-344059/-<br>(നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ) CC 1st & Final Bill<br>(ബിൽ നം. 88/17-18/ 28.03.2018-344059/-) | | | | |
| 3 | 14/2017-18/16.09.2017<br>കെ.ബൈജു<br>(74/17-18)<br>(477851/-രൂ.)<br>പ്രോ.നം. 97/18(ആഞ്ഞിലിപ്പാലം ഇടത്തിൽ ക്ഷേത്രം റോഡ് മെറ്റലിംഗ് & ടാറിംഗ്-വാർഡ് 17)<br>പ്രവൃത്തിമൂല്യം-470284/-<br>രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>CC 1st & Final Bill<br>ബിൽ നം. 68/17-18/ 24.03.2018) | 3 മാസം.<br>(16.12.2017) | 12.03.2018 | 5986/- | 14336/- |
| 4 | 80/2016-17/31.03.2017<br>സജിമോൻ പി.എസ്<br>(61/17-18)<br>( 042341/-രൂ.)<br>പ്രോ.നം. 210/17(മുനിസിപ്പൽ ഓഫീസിന് പുറം മതിൽ, ഗേറ്റ്, കാണ, ഇന്റർ ലോക്ക് ടൈൽ വാർഡ്-11)<br>പ്രവൃത്തിമൂല്യം- 1042341/-<br>രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>CC 1st & Final Bill<br>ബിൽ നം. 61/17-18/ 15.03.2018-550000/- | 6മാസം.<br>(01.10.2017) | 05.01.2018 | - | 10423/-(1%)<br>(എസ്റ്റിമേറ്റ് റീവൈസ് ചെയ്തതിനാൽ) |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം. 62/17-18/ 15.03.2018-150000/-)<br>തനത് ഫണ്ട് വൗ. നം 64-4/18/ 17.04.2018- 342341/-) | | | | |
| 5 | 26/17-18/13.10.2017<br>ആർ പ്രകാശൻ<br>(111/17-18)<br>(174016)<br>പ്രോ.നം. 79/18(ചെമ്മാത്തക്കരി നടപ്പാത കോൺക്രീറ്റിംഗ് വാർഡ്-2)<br>പ്രവൃത്തിമൂല്യം-136249 /-<br>രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>CC 1st & Final Bill<br>ബിൽ നം. 107/17-18/ 15.03.2018-136249/- | 3 മാസം<br>(13.01.2018) | 23.03.2018 | 1362/- | 5220/- |
| 6 | 21/2017-18/23.09.2017<br>ശ്രീകുമാർ വി.എസ്.<br>(91/17-18)<br>(208323/-രൂ.)<br>പ്രോ.നം. 94/18(മണവേലി പാലം തോട്ടത്തിൽ കവല റോഡ് റീ ടാറിംഗ്-വാർഡ് 15)<br>പ്രവൃത്തിമൂല്യം-210324/-<br>രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>CC 1st & Final Bill<br>(ബിൽ നം. 84/17-18/ 28.03.2018) | 3 മാസം.<br>(23.12.2017) | 16.03.2018 | 2083/-<br>(1%) | 6249/-<br>(3%) |
| 7 | 19/17-18/16.09.2017<br>കെ.ബൈജു<br>(76/17-18)<br>(285820) | 3 മാസം.<br>(16.12.2017) | 05.03.20184 | 2858/-<br>(1%) | 8574/-<br>(3%) |

| | | | | | |
|---|---|---|---|---|---|
| | പ്രോ.നം.108/18(പട്ടശ്ശേരി -വട്ടവെളിപാലം റോഡ് മെറ്റലിംഗ് ടാറിംഗ് സി.എം.സി. 20)<br>പ്രവൃത്തിമൂല്യം-286544/-<br>രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>CC 1st & Final Bill<br>(ബിൽ നം. 72/17-18/ 24.03.2018) | | | | |
| 8 | 18/17-18/16.09.2017<br>കെ. ബൈജു<br>(72/2017-18)<br>(480358)<br>പ്രോ നം. 92/18(നികർത്തിൽ കറന്തലായി റോഡ് റീടാറിംഗ്)<br>പ്രവൃത്തിമൂല്യം – 476589/-<br>രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>CC 1st & Final Bill<br>(ബിൽ നം. 69/17-18/ 24.03.2018) | 3 മാസം<br>16.12.2017 | 04.03.2018 | 5982/- | 14410/- |
| 9 | 68/16-17/17.03.2017<br>ശ്രീകുമാർ വി.എസ്.<br>(33/2017-18)<br>(726058)<br>പ്രോ നം. 194/17 (ബോയ്സ് ഹൈസ്കൂൾ മെയിന്റനൻസ്)<br>പ്രവൃത്തിമൂല്യം-695520/-<br>രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>CC 1st & Final Bill<br>(ബിൽ നം. 13/17-18/ 13.07.2017) | 2 മാസം<br>17.05.2017 | 29.05.2017 | - | 7260/- |
| 10 | 51/17-18/18.12.2017<br>രതീഷ്. ഡി.<br>(100/2017-18) | 3 മാസം<br>18.03.2018 | 23.03.2018 | - | 1987/- |

| | | | | | |
|---|---|---|---|---|---|
| | (198690)<br>പ്രോ നം. 120/18 (മുള്ളൻചിറ് റോഡ് മെറ്റലിംഗ്, ടാറിംഗ് വാർഡ് 26)<br>പ്രവൃത്തിമൂല്യം-190586/-<br>രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>CC 1st & Final Bill<br>(ബിൽ നം. 90/17-18/ 28.03.2018) | | | | |
| 11 | 88/16-17/31.03.2017<br>എം. ശിവപ്രദീപ്<br>(50/2017-18)<br>(160123)<br>പ്രോ നം. 209/17(17-ാം വാർഡ് അങ്കണവാടി പുറംമതിൽ നിർമ്മാണം, ഇന്റർലോക്കിംഗ് ടൈൽ വിരിക്കൽ)<br>പ്രവൃത്തിമൂല്യം-152806/-<br>രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>CC 1st & Final Bill<br>(ബിൽ നം. 48/17-18/ 30.12.2017) | 4 മാസം<br>31.07.2017 | 26.10.2017 | - | 4803/- |

ടി അപാകതയിന്മേലുള്ള വിശദീകരണം അടിയന്തരമായി ഓഡിറ്റിൽ ലഭ്യമാക്കാൻ ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (39/02.02.2019) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

പിഴ തുക കരാറുകാരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് . അല്ലാത്ത പക്ഷം പിഴ ഈടാക്കാൻ ഉത്തരവാദിയായിരുന്ന മുനിസിപ്പൽ എഞ്ചിനിയറുടെ ബാധ്യതയായി നിലനിർത്തുന്നതാണ്. വിവിധ പ്രവൃത്തികൾ പൂർത്തിയാക്കാൻ ആവശ്യമായ സമയം അനുവദിച്ച് മാത്രം പൂർത്തീകരണ കാലാവധി നിശ്ചയിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 3-14 മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിന് അറ്റകുറ്റപ്പണി-അപാകതകൾ

2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 119/16 എന്ന ദേവീക്ഷേത്രത്തിന് മുൻവശത്തുള്ള ഷോപ്പിംഗ് കോംപ്ളക്സ് അറ്റകുറ്റപ്പണി എന്ന 33 ലക്ഷം രൂപ അടങ്കൽ വകയിരുത്തി 32.50 ലക്ഷം രൂപ സാങ്കേതികാനുമതി ലഭിച്ച പ്രോജക്ടിന് ടെണ്ടറും റീടെണ്ടറും ക്ഷണിച്ചുവെങ്കിലും ആരും പങ്കെടുക്കാതിരുന്നതിനെ തുടർന്ന് ഓഫർ ക്ഷണിച്ചതിനെ തുടർന്ന് ശ്രീമതി അനിതമ്മ അനിതകുമാറിന്റെ എസ്റ്റിമേറ്റ് നിരക്കിലെ ഓഫർ 26.08.2016-ലെ 25-ാം (സപ്ലിമെന്ററി) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

03.09.2016-ലെ പി-11743/15-ാം നമ്പർ വർക്ക് ഓർഡറിൽ 06.03.2017-നകം പണി പൂർത്തീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. 03.09.2016-ലെ 02/2016-17-ാം നമ്പർ പ്രകാരം ടിയാൾ നഗരസഭയുമായി കരാറിലേർപ്പെട്ട് അന്നേദിവസം തന്നെ പ്രസ്തുത പ്രവൃത്തിയ്ക്കായി സൈറ്റ് ഏറ്റെടുത്തിട്ടുള്ളതുമാകുന്നു. നിർമ്മാണപ്രവൃത്തി നടന്നു വരികെ 19.01.2017-ലെ 9-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം പ്രവൃത്തിയിൽ ചില മാറ്റങ്ങൾ അനിവാര്യമായതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന മുനിസിപ്പൽ എഞ്ചിനിയറുടെ ശുപാർശ അംഗീകരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും തദ്ദനുസരണം പൂർത്തീകരണ കാലാവധി പിഴ കൂടാതെ 30.06.2017 വരെ ദീർഘിപ്പിച്ച് നൽകിയതായി കാണുന്നു

എന്നാൽ കരാറുകാരി പണി പൂർത്തീകരിച്ചത് 10.08.2017-ൽ മാത്രമാണ്. (എം. ബുക്ക് നം. 47/17-18 പേജ് നം. 2) കാലതാമസത്തിന് പി.എ.സി. യുടെ 1% ആയ 32500/- രൂപ പിഴയിനത്തിൽ ഫൈനൽ ബില്ലിൽ നിന്നും കിഴിവ് ചെയ്തതായും കാണുന്നു.
(പാർട്ട് ബിൽ നം. 08/17-18 / 30.06.17- 2266547/- രൂപ; ഫൈനൽ ബിൽ – 318616/- (തനത് ഫണ്ട് ചെക്ക് നം. 270750/17.04.2018))

പ്രോജക്ടിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) <u>പിഴ ഈടാക്കിയതിലെ അപാകത</u>

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 പ്രകാരം ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം) കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹ 1000/-, പരമാവധി ₹ 50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹ 2000/-, പരമാവധി ₹100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

കരാറുകാരി 11.05.2017 തീയതിയിൽ 2A/2016-17--ാം നമ്പരായി സപ്ലിമെന്ററി കരാറിലേർപ്പെട്ടിട്ടുണ്ട്. ഒറിജിനൽ കരാറിലെ പൂർത്തീകരണ കാലയളവ് 6 മാസം ആയിരിക്കേ ആദ്യതവണ തന്നെ പിഴ കൂടാതെ 50% കാലാവധി ദീർപ്പിച്ചു നൽകിയതായി കാണുന്നു( 3 മാസം കൂടി നീട്ടി നൽകിയിട്ടുണ്ട്. ) എന്നാൽ പ്രസ്തുത ദീർഘീകരണ തീയതിയും കഴിഞ്ഞ് പ്രവൃത്തി പൂർത്തീകരിച്ചതിന് സെക്ഷൻ 2116.1 അനുശാസിക്കും പ്രകാരമുള്ള അധിക കാലത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) നഷ്ട പരിഹാരം ഈടാക്കിയിട്ടില്ലെന്നും. കാണുന്നു.( Liquidated damage)

അതായത് ദീർഘീകരണ തീയതിയായ 30.06.2017 ന് ശേഷം 10.08.2017 വരെയുള്ള 5.7 ആഴ്ചയ്ക്ക് 0.57% പ്രകാരം 18525/- രൂപ കൂടി ഈടാക്കേണ്ടതായിരുന്നു. (32,50,000x 0.57%) ആയത് ഈടാക്കിയിട്ടില്ല.

**2) ചെക്ക് മെഷർ പ്രകാരമുള്ള അളവിനനുസൃതമായി തുക കണക്കാക്കിയില്ല.**

1. എസ്റ്റിമേറ്റ് നം. 17 പ്രകാരമുള്ള 12 mm cement plastering etc... എന്ന ഇനത്തിന് ചെക്ക് മെഷർ അളവ് പ്രകാരം 672.31 m2 @ 238/m2 അനുവദിക്കേണ്ടതായിരുന്നു.

   എന്നാൽ ഒന്നാം പാർട്ട് ബിൽ പ്രകാരം 399.40 $m^2$ ന് 95057.20 രൂപയും ഫൈനൽ ബിൽ പ്രകാരം 197.29$m^2$ ന് 46955.02 രൂപയും ഉൾപ്പടെ ആകെ 142012.22 രൂപയാണ് അനുവദിച്ചിരിക്കുന്നത്. (MB 47/17-18, Page No. 11)

   അനുവദിക്കേണ്ടിയിരുന്ന തുക – 160009.78

   അനുവദിച്ചതിൽ വന്ന കുറവ് - 17997.56 രൂപ

2. എക്സ്ട്രാ ഇനം 3 ആയിട്ടുള്ള Steel reinforcement for R.C.C work...എന്ന ഇനത്തിന് ചെക്ക് മെഷർ അളവ് പ്രകാരം 417.184kg @ 99.23/kg ആണ് അനുവദനീയം.

   എന്നാൽ ഒന്നാം പാർട്ട് ബിൽ പ്രകാരം 272.97kg ന് 27086.81 രൂപയും (MB 75/2016 page no. 80) ഫൈനൽ ബിൽ പ്രകാരം 175.40 kg ന് 17404.94/- രൂപയും ഉൾപ്പടെ ആകെ 44491.76 രൂപ അനുവദിച്ചിരിക്കുന്നു. (MB 47/17-18, Page No. 11)

   അനുവദിക്കേണ്ടിയിരുന്ന തുക – 41397.17

   കൂടുതലായി അനുവദിച്ചത് – 3094.59 രൂപ

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റന്വേഷണത്തിന് (40/02.02.2019) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ക്രമ നം. (1), (2) ന്യൂനതകൾ പ്രകാരം തുക കണക്കാക്കിയതനുസരിച്ച് കരാറുകാരിയിൽ നിന്നും 3622/- രൂപ [(* (-) 18525+17998+(-)3095] (കരാറുകാരിക്ക് നൽകേണ്ടിയിരുന്ന തുക പിഴയിനത്തിൽ വസൂലാക്കിയതിന് ശേഷവും അവശേഷിക്കുന്നത്) ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-15 പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഹാജരാക്കിയില്ല.

2017-18 വർഷം പൊതു മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

1. അങ്കണവാടി -കണ്ടമംഗലത്ത് ചിറ മെറ്റലിംഗ്(പ്രോ. നം. 178) (ബിൽനം. 4/30.06.17 – 146600/-)
2. ചെറുമുറ്റത്ത് റോഡ് കോൺക്രീറ്റിംഗ്(പ്രോ. നം. 182) (ബിൽ നം. 7/30.06.17-255096/-)
3. പണ്ടകശ്ശാല നടപ്പാത ഇന്റർലോക്കിംഗ് (പ്രോ. നം. 188) ( ബിൽ നം. 14/13.07.2017-105550/-)
4. ഉപാസന- കീറ്റ് പറമ്പ് റോഡ് -രണ്ടാംഭാഗം മെറ്റലിംഗ് ടാറിംഗ്( ബിൽ നം 15/25.07.2017-249919/-)
5. 27-ാം നമ്പർ അങ്കണവാടി ട്രസ് വർക്ക് മെയിന്റനൻസ്( ബിൽ നം 23/31.07.2017- 210242/-)
6. മുനിസിപ്പൽ ഓഫീസ് നവീകരണം ( ബിൽ നം 28/10.08.2017-868300/-)
7. മുന്നൂറ്റി മൂന്നാംകര തോട് പിച്ചിംഗ് പ്രോ. നം. 219)( ബിൽ നം 29/10.08.2017-146558/-)
8. അങ്കണവാടി ട്രസ് വർക്ക് ( ബിൽ നം 41/25.09.2017-309070/-)
9. പൊത്താപുരം പുത്തൻപുര റോഡ് പൂർത്തീകരണം( ബിൽ നം63/15.03.2018- 145160/-)
10. വട്ടത്തറ പുല്ലയിൽ ഇല്ലം റോഡ് കോൺക്രീറ്റിംഗ് ( ബിൽ നം71/24.03.2018-599076/-)

11. പ്ലാക്കുഴി നടപ്പാത ഇന്റർലോക്കിംഗ് (പ്രോ. നം. 123) (ബിൽ നം. 74/31.03.2018-130825/-)
12. അങ്കണവാടി വിരുവേലിൽ റോഡ് പുനരുദ്ധാരണം(പ്രോ. നം. 126) ( ബിൽ നം 77/31.03.2018- 94004/-)
13. കിഴക്കേ നാല്പത് ചെട്ടിയാർ കവല റോഡ് റീടാറിംഗ് (പ്രോ. നം. 131)( ബിൽ നം 87/31.03.2018—198486/-)
14. കോതക്കാട്ട് കുന്നുങ്കൽ ടെമ്പിൾ റോഡ് റീടാറിംഗ് (പ്രോ. നം. 134)( ബിൽ നം 92/31.03.2018-320957/-)
15. മുനിസിപ്പൽ ഓഫീസിന് മുൻവശം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം(പ്രോ.നം. 246) (ചെലവ് തുക 6373800/-) (37/10.08.17)

മേൽ പ്രോജക്ട് ഫയലുകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 1997-ലെ കേരളാമുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനങ്ങളും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതാണ്. ഓഡിറ്റിൽ ഹാജരാക്കാത്ത ഫയലുകളിലെ ചെലവ് തുക 10153643/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-16 ഇലക്ട്രോണിക് ഉപകരണങ്ങളുടെ എ.എം.സി – ആദായ നികുതി കുറവ് ചെയ്തില്ല.

കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി എന്ന പ്രോജക്ട് (പ്രോജക്ട് നം. 67/2018) പ്രകാരം നഗരസഭയിലെ 29 കമ്പ്യൂട്ടറുകൾ, 2 യു.പി.എസ് എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണിയ്ക്കായി 24.3.2017ൽ കെൽട്രോണുമായി കരാറിലേർപ്പെടുകയും എ.എം.സി ചാർജിനത്തിൽ 62,611/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് (ബിൽ നം. - 26/ 31.3.2018) കെൽട്രോണിന് നൽകുകയും ചെയ്തിട്ടുണ്ട്. വാർഷിക അറ്റകുറ്റപ്പണി കരാറിലേർപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്നും കരാർ തുകയുടെ 2%ഉം വ്യക്തികളിൽ നിന്ന് 1%ഉം തുക ആദായ നികുതിയിനത്തിൽ കുറവ് ചെയ്തതിന് ശേഷമാണ് തുക നൽകേണ്ടത്. എന്നാൽ തൻവർഷം വാർഷിക അറ്റകുറ്റപ്പണിയ്ക്ക് കരാർ ഏറ്റെടുത്ത കെൽട്രോണിൽ നിന്ന് ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല. ആദായ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയില്ല. ബില്ലിൽ നിന്നും ആദായ നികുതി കുറവ് ചെയ്യാതിരുന്നതിനാൽ കെൽട്രോണിന് 1,252/- രൂപ അധികം നൽകാനിടയായിട്ടുണ്ട്. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

# 3-17 ആദായനികുതി ഈടാക്കയില്ല

നഗരസഭയുടെ വിവിധ കേസുകൾ കൈകാര്യം ചെയ്യുന്നതിലേക്ക് അഡ്വക്കേറ്റ് ശ്രീ.ജോബി സിറിയക്കിന് വക്കീൽ ഫീസിനത്തിൽ 84,000/- രൂപ തനത് ഫണ്ടിൽ നിന്നും ചെക്ക് നം. 867648/22.8.17 പ്രകാരം (വൗച്ചർ നം. 21700325) പിൻവലിച്ച് നൽകിയിട്ടുണ്ട്. ആദായനികുതി നിയമം സെക്ഷൻ 194 J പ്രകാരം പ്രതിവർഷം പ്രൊഫഷണൽ / ടെക്നിക്കൽ ചാർജിനത്തിൽ 30000/- രൂപയിൽ അധികരിക്കുന്ന വരുമാനത്തിൻ മേൽ 10% ആദായ നികുതി (ടി.ഡി.എസ്.) കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം ആദായനികുതി കുറവ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 3-18 മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല

മഴക്കാല പൂർവ്വശുചീകരണപ്രവർത്തനങ്ങൾക്കായി ചെക്ക് നം. 760487/22.06.2017 പ്രകാരം ശുചിത്വമിഷൻ ഫണ്ട് 310450/- രൂപ 35 വാർഡുകൾക്കായി നൽകിയിട്ടുണ്ട്. ഇതുകൂടാതെ ചെക്ക് നം. 991767/26.10.2017 പ്രകാരം NRHM ഫണ്ട് 260000/- രൂപ 26 വാർഡുകൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഈ തുകകൾ ആരാണ് കൈപ്പറ്റിയതെന്നുള്ള വിവരങ്ങൾ ഫയലിൽ ഇല്ല. ചെലവുകൾ സംബന്ധമായ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക് (നം. 22/30.01.2019) വാർഡ് കൗൺസിലർ ചെയർമാനും ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ കൺവീനറായും ഉള്ള ജോയിന്റ് അക്കൗണ്ടിലേക്കാണ് തുക നിക്ഷേപിച്ചതെന്നും രേഖകളും പരിശോധനയ്ക്ക്

നൽകുന്നതാണെന്നുമാണ് മറുപടി നൽകിയത്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-19 ഫയൽ ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു.

നഗരസഭയിലേയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കൽ (പ്രോജക്ട് നം. 146/2018) എന്ന സ്പിൽ ഓവർ പദ്ധതിയ്ക്കായി തൻവർഷത്തെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ബിൽ നമ്പർ 3/31.7.2017 പ്രകാരം 1,50,950/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഉൾപ്പെടെയുള്ള പ്രോജക്ട് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ടി പദ്ധതി പ്രകാരമുള്ള 1,50,950/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-20 വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ – കെ.എസ്.ഇ.ബിയുമായി കരാർ വെച്ചില്ല, പ്രവൃത്തി പൂർത്തിയാക്കിയില്ല.

പ്രോജക്ട് നമ്പർ 154/2018 പ്രകാരം നഗരസഭയിലെ വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും 7,32,557/- രൂപ (ബിൽ നം. 14/30.12.2017) കെ.എസ്.ഇ.ബി വെസ്റ്റ് ഇലക്ട്രിക്കൽ സെക്ഷന് നൽകിയിട്ടുണ്ട്. മേൽ പദ്ധതിയ്ക്കായി തുക കൈമാറുന്നതിന് മുമ്പ് നഗരസഭ കെ.എസ്.ഇ.ബി.യുമായി കരാറിലേർപ്പെട്ടില്ല. കരാർ ചമയ്ക്കാത്തതിനാൽ ഇതുവരെ ആരംഭിക്കാത്ത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്നോ പൂർത്തിയാക്കുമെന്നോ വ്യക്തമല്ല. കരാർ ചമയ്ക്കാതെ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വൈദ്യുതി ബോർഡിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ 7,32,557/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-21 എ.ബി.സി പദ്ധതിയ്ക്ക് വിഹിതം നൽകൽ – ധനവിനിയോഗ വിവരം ഹാജരാക്കിയില്ല.

ആലപ്പുഴ ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന തെരുവ് നായ വന്ധ്യംകരണം പദ്ധതിയയ്ക്കായി എ.ബി.സി. പദ്ധതിയ്ക്ക് വിഹിതം നൽകൽ എന്ന പ്രോജക്ട് പ്രകാരം നഗരസഭ വിഹിതമായ 2,00,000/- രൂപ ബിൽ നമ്പർ 9/20.9.2017 പ്രകാരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല. എ.ബി.സി പദ്ധതി പുരോഗമിക്കുന്നതായും പദ്ധതി എത്രയുംവേഗം പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം നൽകുന്നതാണെന്ന് 8.12.2017ലെ റ്റി.ആർ 2282/2015 നമ്പർ കത്ത് പ്രകാരം ജില്ലാപഞ്ചായത്ത് നഗരസഭയെ അറിയിച്ചിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-22 മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച്

**താലൂക്ക് ആശുപത്രിയ്ക്ക് എമർജൻസി മരുന്ന്**

പ്രോജക്റ്റ് നം. - S0036/17-18

അടങ്കൽ - 10 ലക്ഷം

ചെലവ് - 998021/-രൂ.

ബിൽ നം. - 11/17-18/08-02-18

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താലൂക്ക് ആശുപത്രിയ്ക്ക് എമർജൻസി മരുന്ന വാങ്ങൽ എന്ന പ്രോജക്റ്റിനായി കെഎംഎസ്സ്സിഎൽ ന് 9,98,021/- രൂ. നൽകിയിട്ടുണ്ട്. എന്നാൽ രേഖകൾ പ്രകാരം 80340/- രൂപയുള്ള മരുന്നുകൾ ഇനിയും ലഭ്യമാകുവാനുള്ളതായി കാണുന്നു.

<u>പാലിയേറ്റീവ് കെയറിന് മരുന്ന്</u>

പ്രോജക്റ്റ് നം. - S0035/17-18

അടങ്കൽ - 6 ലക്ഷം

ചെലവ് - 587117/-രൂ.

ബിൽ നം. - 06/17-18/10-01-18 (117654/-)

ബിൽ നം. - 19/17-18/14-03-18 (175116/-)

പാലിയേറ്റീവ് കെയറിന് മരുന്ന് വാങ്ങുന്നതിനായി കെഎംഎസ്സ്സിഎൽ ന് രണ്ടു തവണയായി 2,28,741/- രൂ. നൽകിയിട്ടുണ്ട്. എന്നാൽ 1,36,723/- രൂപയുള്ള മരുന്നുകൾ ഇനിയും ലഭ്യമാകുവാനുണ്ട്. തന്നെയുമല്ല മരുന്ന് ലഭ്യമായി എന്ന് പറയുന്ന രണ്ട് ഇൻവോയ്സുകൾ (ഇൻവോയ്സ് നം. 6654 (6118/-രൂ), ഇൻവോയ്സ് നം. 12042 (14277രൂ.) പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. എന്നാൽ ഈ തുകയ്ക്കുള്ള മരുന്നുകൾ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം. 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക 2,17,063/- രൂപ (80340/-+1,36,723/-) തടസ്സപ്പെടുത്തുന്നു.

## 3-23 നഗരസഭയിലെ റഗുലർ, കണ്ടിജന്റ് പെൻഷൻ - പെൻഷൻകോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല.

1996 ൽ നിലവിൽ വന്ന കേരളാ മുൻസിപ്പൽ ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസിലെ ചട്ടം 7(2) 8 എന്നിവ അനുസരിച്ച് നഗരസഭയിലെ ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്തവേതനത്തിന്റെ 15% അതാത് മാസത്തെ ശമ്പളബില്ലിനോടൊപ്പം മുൻസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതാത് മാസം പതിനഞ്ചാം തിയതിക്ക് മുൻപ് സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. നഗരസഭയിൽ റഗുലർ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് ട്രഷറിയിൽ 918010006498754 ആയി ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്.

2017-18 വർഷത്തെ റഗുലർ പെൻഷൻ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയ തുക | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിച്ച തുക | മുൻസിപ്പൽ പെൻഷൻ ഫണ്ടിൽ നിലവിലുള്ള തുക | പെൻഷൻ വിതരണത്തിന് തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച തുക |
|---|---|---|---|---|
| റഗുലർ പെൻഷൻ | 0 | 10626231 | 10654179 | 14027686 |

1997 ലെ കേരളാ മുൻസിപ്പൽ കണ്ടിജന്റ് എംപ്ലോയിസ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിക്ട് റൂൾസ് ചട്ടം 1,7(2) അനുസരിച്ച് ജീവനക്കാരുടെ മൊത്തശമ്പളത്തിന്റെ 15 % തുക കണ്ടിജന്റ് പെൻഷൻ ഫണ്ടിനായി പ്രത്യോക ട്രഷറി അക്കൌണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. കണ്ടിജന്റ് പെൻഷൻ നൽകുന്നതിനായി പ്രത്യേകം ട്രഷറി അക്കൌണ്ട് നഗരസഭ ആരംഭിച്ചിട്ടില്ല. പെൻഷൻ തുക തനത്ഫണ്ട് അക്കൗണ്ടിൽ നിന്നുമാണ് സ്ലകിവരുന്നത്. റഗുലർ, കണ്ടിജന്റ് പെൻഷൻ കോൺട്രിബ്യൂഷൻ തുകകൾ നഗരസഭ ഒടുക്കുന്നില്ല. നിലവിൽ നഗരസഭയിൽ നിന്നും 55 റഗുലർ പെൻഷൻകാരും 38 കണ്ടിജന്റ് പെൻഷൻ കാരും പെൻഷൻ കൈപ്പറ്റി വരുന്നുണ്ട്. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണത്തിന് തനത്ഫണ്ടിൽ നിന്നും തൻവർഷം 8623406/- രൂപ ചെലവഴിച്ചിട്ടുണ്ട്. റഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിലേക്കും, കണ്ടിജന്റ്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ മുനിസിപ്പാലിറ്റി കണ്ടിജന്റ് പെൻഷൻ അക്കൗണ്ടിലേയ്ക്കും കൃത്യമായി നിക്ഷേപിക്കേണ്ടതാണ്. റഗുലർ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾക്ക് ആവശ്യമായ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ഡിമാന്റ് ചെയ്ത് വാങ്ങേണ്ടതാണ്.

## 3-24 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

നഗരസഭയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് RP-27 പ്രകാരം 2017-18 സാമ്പത്തികവർഷം 2114879/- രൂപ ഡെപ്പോസിറ്റും 860107/- രൂപ ഡെപ്പോസിറ്റ് റീഫണ്ടും ഉണ്ട്. ഡെപ്പോസിറ്റ് സംബന്ധിച്ച കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതുമൂലം റീഫണ്ട് ചെയ്യുമ്പോൾ ആയതിന്റെ ആധികാരികത ഉറപ്പുവരുത്താൻ കഴിയാതെ വരുന്നതും ഭാവിയിൽ തുകകളുടെ റീഫണ്ട് സംബന്ധിച്ച് പരിശോധിക്കാൻ കഴിയാതെ വരുന്നതുമാണ്. ഉദാ: മുട്ടം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ G8 നമ്പർ കടമുറിയുടെ ഡെപ്പോസിറ്റായി 26.07.2013-ൽ ഒടുക്കിയ 200000/- രൂപ 31.07.2017-ൽ ശ്രീ. മഹാദേവന് തിരിച്ചു നൽകിയിട്ടുണ്ട്. അതുപോലെ ഗാന്ധിനഗർ ഷോപ്പിംഗ് കോംപ്ലക്സിലെ 44 -ാം നമ്പർ മുറിയുടെ 09.06.2010-ൽ ഡെപ്പോസിറ്റ് ചെയ്ത തുക 75000/- രൂപയും മാനേജർ, ഹെഡ്ജ് ഇക്വിറ്റീസിന് 27.06.2017-ൽ തിരികെ നൽകിയിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നഗരസഭാഫണ്ടിലേക്ക് മുതൽക്കൂട്ടുവാനും കഴിയാതെ വരുന്നതാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 3-25 വാഹനങ്ങളുടെ പരിപാലനം

നഗരസഭയിൽ വാഹനങ്ങളുടെ ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവയിൽ 30.06. 2017 – ലെ ജി.ഒ.(എം.എസ് ) 170/07/തസ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ വാഹനങ്ങളുടേയും കസ്റ്റോഡിയൻ ഓഫീസർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി ആണ്. വാഹനങ്ങളുടെ ലോഗ് ബുക്കുകൾ കസ്റ്റോഡിയൻ ഓഫീസറോ അദ്ദേഹം ചുതലപ്പെടുത്തിയ ഉദ്യഗസ്ഥനോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
2. ആറുമാസത്തിലൊരിക്കൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഓരോ വാഹനത്തിന്റേയും ഫ്യുവൽ കംൺസംപ്ഷൻ ടെസ്റ്റ് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത് കൃത്യമായി പാലിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹന നം. | ടെസ്റ്റ് നടത്തിയ തീയതി |
|---|---|
| KL-32H 8884 BOLERO | 21.03.17, 17.4.18 |
| KL 32 C 5000 SWIFT DZIRE | 2.2.16, 17.4.18 |
| KL 32 B 1959 MAHINDRA TRACTOR | നടത്തിയിട്ടില്ല |
| KL 32 C 7000 BUS ARDRA BUDS SCHOOL | 2.2.16, 23.03.17, 17.4.18 |

| | |
|---|---|
| KL 32 F 6369 AMBULANCE | 2.2.16 |
| KL32 B 2136 TIPPER LORRY | നടത്തിയിട്ടില്ല |
| KL 32 B 4940 BOLERO | 2.2.16, 17.4.18 |

3. ഓരോ വാഹനത്തിന്റെയും ലോഗ്ബുക്കിൽ ഓരോ മാസത്തേയും ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്രചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തം തയ്യാറാക്കുന്നില്ല.
4. KL01-AF 3909 ശുചീകരണ ലോറി, KL-32 5917 അംബാസിഡർ കാർ എന്നിവ ഉപയോഗശൂന്യമായി കിടക്കുന്നു. വാഹനങ്ങളുടെ മൂല്യം നിർണ്ണയിച്ച് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. വാഹനങ്ങൾക്ക് നടത്തിയ അറ്റകുറ്റപ്പണികളെ സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ഇന്ധനം നിറച്ചത് സംബന്ധിച്ച വിവരങ്ങൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാ: ആർദ്ര ബഡ്സ് സ്കൂൾ ബസിന് നടത്തിയ അറ്റകുറ്റപ്പണികളെ സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/31.01.2019) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 3-26 പി.എം.എ.വൈ. പദ്ധതി സംബന്ധിച്ച അപാകതകൾ

**A) ഭവനനിർമ്മാണം ആരംഭിച്ചില്ല**

പ്രൊജക്റ്റ് നം - S0266/17g

നിർവ്വഹണം - പ്രൊജക്റ്റ് ഓഫീസർ

2017-18 വർഷം PMAY ഭവനനിർമ്മാണം പദ്ധതിക്കായി ആദ്യഗഡു 30,000/- രൂപ കൈപ്പറ്റിയ ദേവകി പനമ്പുടതൈ, പ്രേംനാഥ് പൊള്ളെവെളി എന്നീ ഗുണഭോക്താക്കൾ നിർമ്മാണ പ്രവർത്തങ്ങൾ നാളിതുവരെയായിട്ടും ആരംഭിച്ചിട്ടില്ല . ഈ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിക്കാത്തപക്ഷം അവർ കൈപ്പറ്റിയ ആനുകൂല്യം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**B) PMAY – പദ്ധതി മുൻകൂറായി തുക പിൻവലിച്ചു.**

2016-17 വ്രഷം പദ്ധതി നടത്തിപ്പിനായി പഞ്ചാബ് നാഷണൽ ബാങ്കിൽ 3894000100582257 നമ്പരായി ഒരു അക്കൌണ്ട് ആരംഭിക്കുകയുണ്ടായി. 2016-17 വ്രഷം വികസനഫണ്ടിൽ നിന്നും തുക പിൻവലിച്ച് ഈ അക്കൌണ്ടിൽ നിക്ഷേപിക്കുകയുണ്ടായി. എന്നാൽ പദ്ധതി നടപ്പാക്കിയത് 17-18 വർഷം ആണ് , പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും പിൻവലിച്ചതും, കേന്ദ്രഫണ്ട് ലഭിച്ചതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

1. 2016-17 വർഷം പ്ലാൻഫണ്ടിൽ നിന്നും പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിച്ച തുക

50,00,000/- – ബിൽ നം. 42/16-17/22.3.17

67,50,000/- - ബിൽ നം. 45/16-17/31.3.17

ജി. ഒ (പി) 119/15 ധനം, 21.03.2015 ഉത്തരവ് പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല. ഇപ്രകാരം മുൻകൂറായി പണം പിൻവലിച്ച് അക്കൗണ്ടിൽ ഇട്ടത് തെറ്റായ നടപടിയാണ്. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-27 കളിയുപകരണങ്ങൾ വാങ്ങിയത് സംബന്ധിച്ച്

പ്രൊജക്റ്റ് നം. - S 0076/18

അടങ്കൽ - 1,00,000/-

ചിലവ് - 89,900/-

ബിൽ നം. - 23/17-18/26-03-2018

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽപ്പെടുത്തി നെഹ്റു പാർക്കിലേയ്ക്കായി വ്യത്യസ്ത സ്വഭാവമുള്ള 5 കളിയുപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതിനായി 3 ക്വട്ടേഷനുകൾ ലഭിച്ചതിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ക്വാളിറ്റി, ചേർത്തല എന്ന സ്ഥാപനത്തിന് ഓർഡർ നൽകി. എന്നാൽ 5 കളിയുപകരണങ്ങളിൽ 2 എണ്ണത്തിന് ക്വാളിറ്റി എന്ന സ്ഥാപനം ക്വാട്ട് ചെയ്ത വിലയേക്കാൾ വളരെ താഴ്ന്ന നിരക്കാണ് മറ്റുള്ളവർ ക്വാട്ട് ചെയ്തിട്ടുള്ളത്. വിലയിൽ വരുന്ന കുറവ് 23177/- രൂപ. ഈ രണ്ട് ഉപകരണങ്ങൾ മറ്റുള്ളവരിൽ നിന്നും വാങ്ങി, ബാക്കി 3 ഉപകരണങ്ങൾ ക്വാളിറ്റിയിൽ നിന്നും ഐറ്റം വൈസ് പർച്ചേസ് അനുസരിച്ച് വാങ്ങിയിരുന്നുവെങ്കിൽ 23177/- രൂപ. ലാഭിക്കാൻ കഴിയുമായിരുന്നു. നഗരസഭ ആവശ്യപ്പെട്ട സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ തന്നെയാണ് ടെൻഡറിൽ പങ്കെടുത്തവർ എല്ലാവരും തന്നെ ക്വാട്ട് ചെയ്തിട്ടുള്ളതെന്ന് ടെൻഡർ രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. വിശദാംശങ്ങൾ ചുവടെ.

| ക്രമ നം | കളിയുപകരണങ്ങൾ | ഡെൽറ്റാ എഞ്ചിനീയറിംഗ് | ക്വാളിറ്റി ചേർത്തല | ഡിസ്നി | കുറഞ്ഞ തുക (ഐറ്റം വൈസ് പർച്ചേസ്) |
|---|---|---|---|---|---|
| 1 | Swing | 17833 | 11210 | 14800 | 11210 |
| 2 | Slider | 23933 | 21240 | 39700 | 21240 |
| 3 | Merry go Round | 24433 | 31860 | 12450 | 12450 |
| 4 | Butterfly Seesaw | 18493 | 14160 | 16500 | 14160 |
| 5 | Monkey Bin | 7733 | 11500 | 7800 | 7733 |
| | ആകെ | 92425 | 89970 | 91250 | 66793 |

(89970-66793=23,177/- രൂ.) വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 27 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രൊജക്റ്റ് സമയബന്ധിതമായി തീർക്കേണ്ടി വന്നതിനാലും, നെഗോസ്യേഷൻ സംബന്ധിച്ച അറിവില്ലായ്മ മൂലവുമാണ് ഐറ്റം വൈസ് പർച്ചേസ് നടത്താതിരുന്നതെന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-28 പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നത്

സ. ഉ (പി) 7/2016/ഫിൻ, തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ചേർത്തല നഗരസഭാ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്യേണ്ടതുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 (1)പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയതിനാൽ 1, 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ച് ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# 3-29 അംഗൻ വാടികൾക്ക് വാട്ടർ കണക്ഷൻ

പ്രൊജക്റ്റ് നം. - S 0253/18

അടങ്കൽ - 2,00,000/-

ചെലവ് - 51,546/-

ബിൽ നം. - 24/17-18/31-03-2018

അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിന് വേണ്ടി 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽപ്പെടുത്തി 2017-18 വർഷം 4 അംഗൻവാടികൾക്ക് മാത്രമാണ് കുടിവെള്ള കണക്ഷൻ നൽകിയിട്ടുള്ളത്. വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം - 28 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിവെള്ള കണക്ഷൻ ലഭിക്കുവാനുള്ള അംഗൻവാടികൾക്ക് അത് ലഭ്യമാക്കുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നതായി അറിയിച്ചിട്ടുണ്ട്. നഗരസഭയുടെ കീഴിൽ ആകെ 32 അംഗൻവാടികളാണുള്ളത്, അതിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 22 അംഗൻവാടികളിൽ, ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമായ 4 എണ്ണം ഉൾപ്പടെ ആകെ 15 എണ്ണത്തിൽ മാത്രമാണ് കുടിവെള്ള കണക്ഷൻ ഉള്ളത്. 7 എണ്ണത്തിൽ ഇതുവരേയ്ക്കും കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടില്ല. ഇതിനായി ആവശ്യത്തിന് പണം ലഭ്യമായിരുന്നിട്ടും കണക്ഷൻ ലഭ്യമാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് മറുപടിയിൽ സൂചിപ്പിച്ചിട്ടില്ല. വിവരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-30 മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ

1. ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങിയതിലെ അപാകത

അടങ്കൽ : 5,00,000/- (വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 5,00,000/-

ഹോമിയോ ആശുപത്രിക്ക് ഫർണ്ണിച്ചറും ഉപകരണങ്ങളും വാങ്ങൽ (പ്രോജക്ട് നം: 9/18) പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രിയിലേക്കാവശ്യമായ ഒരു കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ് എന്നിവ കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇതിനായി ബിൽ നം 03/18 പ്രകാരം 23.1.2018ൽ 62400/- രൂപ കെൽട്രോണിന് (A/C No. 30349023542) നൽകുകയും ചെയ്തു. എന്നാൽ കെൽട്രോൺ സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സിലുള്ള നിരക്കിലും വ്യത്യസ്ഥമായ നിരക്കിലും സ്പെസിഫിക്കേഷനിലുമാണ് ഉപകരണങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളത്.

1. സമർപ്പിച്ച പ്രഫോർമ ഇൻവോയ്സ് പ്രകാരം 28% GST ഉൾപ്പെടെ ലേസർ ജെറ്റ് പ്രിന്ററിന്റെ വില 17600/- രൂപയാണ്. നിബന്ധനകൾ പ്രകാരം ഐറ്റം സപ്ലൈ ചെയ്യുന്ന സമയത്തുള്ള GSTനിരക്ക് ബാധകമായിരിക്കുന്നതാണെന്ന് സൂചിപ്പിച്ചിരുന്നു. എന്നാൽ സപ്ലൈ ചെയ്യുന്ന സമയത്ത് മേൽ പ്രിന്ററിന്റെ GST നിരക്ക് 18% ആയി കുറഞ്ഞുവെങ്കിലും ഐറ്റം വിലയിൽ വർദ്ധന വരുത്തി 17600/- രൂപ തന്നെ ഇതേ പ്രിന്ററിന് ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രൊഫോർമ ഇൻവോയ്സ് പ്രകാരം പ്രിന്ററിന്റെ വില | = | 13750/- |
| 28% GST ഉൾപ്പെടെയുള്ള വില | = | 17600/- |
| ബില്ലിൽ പ്രിന്ററിന്റെ വില | = | 14915/- |
| 18% GST ഉൾപ്പെടെയുള്ള വില | = | 17600/- |
| നൽകേണ്ടിയിരുന്ന തുക | = | 16225/- (13750+ 18% of 13750) |
| അധികം നൽകിയ തുക | = | 1375/-രൂപ(17600-16225) |

അംഗീകരിച്ച ക്വട്ടേഷനിലെ നിരക്കിലും അധികരിച്ച് നൽകിയ 1375/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2. പ്രഫോർമ ഇൻവോയ്സ് പ്രകാരം വിൻഡോസ് 10 (Proffessional Licence) ഓപ്പറേറ്റിംഗ് സിസ്റ്റത്തോട് കൂടിയ ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറിൻെറ വില 41,500/- രൂപ ആയിരുന്നു. വിപണിയിൽ 8000/-രൂപ മുതൽ വിലയുള്ള വിൻഡോസ് 10 (Proffessional Licence) ഓപ്പറേറ്റിംഗ് സിസ്റ്റത്തിന് പകരം സൗജന്യമായി ലഭിക്കുന്ന ലിനക്സ്

ഓപ്പറേറ്റിംഗ് സിസ്റ്റത്തോട് കൂടിയ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറാണ് ഇതേ സ്പെസിഫിക്കേഷനിൽ വിലയിൽ യാതൊരു ഇളവും വരുത്താതെ 41,500/-രൂപയ്ക്ക് സപ്ലൈ ചെയ്തിട്ടുള്ളത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ടെന്നും പരാമർശത്തിന് വിശദമായ മറുപടി പിന്നീട് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം പർച്ചേസുകൾ നടത്തുമ്പോൾ ആവശ്യം കണക്കാക്കി ഓർഡർ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതും ഓർഡർ ചെയ്യുന്ന ഐറ്റം തന്നെയാണോ ലഭിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്.

2. മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്റ്റ് നം. : 2/18) പദ്ധതിയുമായി ബന്ധപ്പെട്ട് മെയിൻറനൻസ് ഫണ്ട് (നോൺ റോഡ്) ൽ നിന്നും 8,00,000/- രൂപ 15.2.2018ൽ ബിൽ നം. 05/18 പ്രകാരം മരുന്ന് വാങ്ങുന്നതിനായി ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| ഇൻവോയ്സ് നം. / തീയതി | തുക |
|---|---|
| LF 80/ 7.5.18 | 2,95,080/- |
| LF 655/ 6.9.18 | 50,000/- |
| LF 1343/ 01.1.19 | 51780/- |
| ആകെ | 3,96,860/- |

ശേഷിക്കുന്ന 4,03,140/- രൂപയുടെ മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിൽ, മരുന്നുകൾ ഉടൻ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി നല്കിയിട്ടുണ്ട്. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 4,03,140/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായും ലഭിച്ചശേഷം രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

## 4-2) നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21700974/29.12.2017 | 732557 | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായില്ല | 732557 |

## 4-3) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

# 4-4) <u>വായ്പ/ വായ്പ തിരിച്ചടവ്</u>

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഇല്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ (സാധാ) നം. 587/2010/ 23.2.10 | 27262500 | 7741125 | 2726250 | - | 5014875 |

## 4-5) സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം : 1264700/-

തൻവർഷം നിക്ഷേപിച്ച തുക : 0

ആകെ : 1264700/-

തന്നാണ്ടിൽ പിൻവലിച്ച തുക : 0

ഡിവിഡന്റ് : 31870/-

വർഷാവസാനം അവശേഷിക്കുന്ന തുക : 1296570/-

## 4-6) ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 14082/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം | ഈടാക്കിയ തുക | ഒടുക്കിയയാളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2015-2016 | 3-2 | 2,514 | സുഗുണൻ, അസിസ്റ്റന്റ് എഞ്ചിനീയർ | 11703102177/9.5.17 |
| 201112& 2012-13 | 3-2(ii) | 11568 | ദിവ്യ.എസ്.ദിനകരൻ, ജെ.എച്ച്.ഐ. | 4170013/15.5.17 41700025/6.6.17 41700075/13.7.17 41700095/8.8.17 |

## 4-7) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 4-4-1 | 2007-08 | 4-4-1 | മൈത്രി ഭവന നിർമ്മാണ പദ്ധതി | ഗുണഭോക്താക്കൾക്ക് സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറക്ക് വിഹിതം തിരികെ നൽകുന്നുണ്ട് |
| 1999-2000 | 4-4-2 | 2007-08 | 4-4-2 | UPA ഫണ്ടിൽ നിന്നും തുക വകമാറ്റി | വക മാറ്റിയ തുക ഫണ്ടിൽ തിരിച്ചടച്ചു |
| 2007-2008 | 3-1 | 2013-14 | 2-1 | ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം | ക്രിമിറ്റോറിയം പ്രവർത്തിക്കുന്നില്ല. |

# 4-8) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

--ഇല്ല--

# 4-9) ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 27,42,19,840 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 23,80,38,118 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 54,082 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 52,596 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,29,05,954/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 19,298 | | ശ്രീ. വി. എം. ലാലിച്ചൻ, സെക്രട്ടറി |
| 2-3 | 17,284 | | ശ്രീമതി. എ. എൻ. അനിതദേവി, സെക്രട്ടറി |
| 2-8 | 5,000 | | ശ്രീ. ഡി. ജയകുമാർ, സെക്രട്ടറി |
| 2-9 | 12,500 | | ശ്രീ. ഡി. ജയകുമാർ, സെക്രട്ടറി |
| 3-8 | | 20,689 | ശ്രീ. വിവേക്. കെ. വിക്രം, ക്ലാർക്ക് |
| | | | |

| | | | |
|---|---|---|---|
| 3-10 | | 29,280 | ശ്രീ. അജിത്കുമാർ. വൈ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-16 | | 1,252 | ശ്രീ. വി. എം. ലാലിച്ചൻ, സെക്രട്ടറി |
| 3-30 | | 1,375 | ഡോ. പി. അനിത, മെഡിക്കൽ ഓഫീസർ |
| ആകെ | 54082 | 52,596 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 40,000 | ശ്രീമതി. എ. എൻ. അനിതദേവി, സെക്രട്ടറി |
| 3-7 | 4,802 | ശ്രീമതി. എ. എൻ. അനിതദേവി, സെക്രട്ടറി |
| 3-9 | 2,07,749 | ശ്രീമതി. വി. എം. ലാലിച്ചൻ, സെക്രട്ടറി |
| 3-15 | 8665135 | ശ്രീമതി. എ. എൻ. അനിതാദേവി, |
| | 1488508 | ശ്രീ. വി. എം. ലാലിച്ചൻ, സെക്രട്ടറി |
| 3-18 | 5,70,450 | ശ്രീമതി. എ. എൻ. അനിതദേവി, സെക്രട്ടറി |
| 3-19 | 1,50,950 | ശ്രീമതി. എ. എൻ. അനിതദേവി, സെക്രട്ടറി |
| 3-20 | 7,32,557 | ശ്രീ. ഡി. ജയകുമാർ, സെക്രട്ടറി |
| 3-21 | 2,00,000 | ശ്രീ. ഡി. ജയകുമാർ, സെക്രട്ടറി |
| 3-22 | 2,17,663 | ഡോ. അനിൽകുമാർ, മെഡിക്കൽ ഓഫീസർ |
| 3-30 | 2,25,000 | ശ്രീമതി. ബിന്ദു. വി. എൻ, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| 3-31 | 4,03,140 | ഡോ. പി. അനിത, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 12905954 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

--ഇല്ല--

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക 2-1, 2-11

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന മയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുഹമ്മദ് ഷാഫി, സെക്രട്ടറി | സെക്രട്ടറി,<br>കോട്ടയം നഗരസഭ | സബർമതി,<br>മുരിക്കുംപുഴ, തിരുവനന്തപുരം |
| എ. എൻ. അനിതദേവി,<br>സെക്രട്ടറി (i/c) | സൂപ്രണ്ട്,<br>ഇരിഞ്ഞാലക്കുട നഗരസഭ | വൈഷ്ണവി, പാലാഴി,<br>വിവേകാനന്ദ റോഡ്, തൃശ്ശൂർ |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന മയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടി. ജയകുമാർ, സെക്രട്ടറി | പ്രിൻസിപ്പൽ, ഡയറക്ടേറ്റ്, എൽ.എസ്.ജി.ഡി. | ശ്രീഭവൻ, ചെമ്മന്നുവിള, വടക്കോട്, പെരുമാൽപുത്തൂർ, നെയ്യാറ്റിൻകര |
| ലാലച്ചൻ. വി. എം, സെക്രട്ടറി (i/c) | സൂപ്രണ്ട്, ചേർത്തല നഗരസഭ. | വാഴക്കൂട്ടത്തിൽ, മംഗളം, ആലപ്പുഴ |
| ഡോ. പി. അനിത. മെഡിക്കൽ ഓഫീസർ | റിട്ടയേർഡ് | മാളിയേക്കൽ ഹൗസ്, തോട്ടകം, വൈക്കം |
| അജിത്കുമാർ. വൈ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മണ്ണഞ്ചേരി | അറശ്ശേരി, അവലൂക്കുന്ന്.പി.ഒ. കൊറ്റംകുളങ്ങര, ആലപ്പുഴ |
| വിവേക്. കെ. വിക്രം, ക്ലാർക്ക് | സസ്പെൻഷൻ | കഞ്ചുകം, സി. എം. സി -15, ചേർത്തല |
| ബിന്ദു. വി. എൻ, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, കഞ്ഞിക്കുഴി ബ്ലോക്ക്പഞ്ചായത്ത് | അനഘ, തുമ്പോളി. പി. ഒ. ആലപ്പുഴ |
| ഡോ. അനിൽകുമാർ, മെഡിക്കൽ ഓഫീസർ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, ചേർത്തല | കോളനി നം. 89, രാമങ്കരി , മാമ്പുഴക്കരി, ആലപ്പുഴ |

# 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1994-95,<br>1995-96 | എൽ.എഫ്.എ10/937/97/30.05.1999 |
| 1999-2000 | എൽ.എഫ്. എ14/982/01/22.10.2001 |
| 2006-07<br>2007-08<br>2008-09<br>2009-10 | എൽ.എഫ്.ജി.എ5/1578/13/21.05.2014 |
| 2010-11 | എൽ.എഫ്.പി 10/1294/12/19.11.2012/12.12.2012 |
| 2011-12<br>2012-13 | എൽ.എഫ്.പി 10/190/14/25.04.2014/15.07.2014 |
| 2013-14 | കെ.എസ്.എ.പി.ഇസഡ്.പി10/1086/15/06.08.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി10-641/16/09.06.2016/25.07.2016 |
| 2015-16 | കെ.എസ്.എ.-എ.എൽ.പി-ജി.എ5-163/2017/14.02.2017 |
| 2016-17 | കെ.എസ്.എ.-എ.എൽ.പി-ജി.എ5-1256/17/21.10.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

.

.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ4-1405(1)/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി : 16.10.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചേർത്തല നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

.

.

.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ